**കേരള സർക്കാർ**

നം. 46/ഡി സി.1/2020/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 05.02.2020

**സർക്കുലർ**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- ആരോഗ്യജാഗ്രത - പകർച്ച വ്യാധി പ്രതിരോധയജ്ഞം 2020 - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - മാർഗനിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന : 02.05.2019 -ലെ 100/ഡിസി1/2019/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2019-ൽ നടപ്പിലാക്കിയ ആരോഗ്യ ജാഗ്രതാ കാമ്പയിൻ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സമ്പൂർണ്ണ ഏകോപനത്തോടെ വിജയകരമായി നടത്തുവാൻ കഴിഞ്ഞതിന്റെ ഭാഗമായി പകർച്ച വ്യാധി വ്യാപനവും പനിമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചു. പ്രളയാനന്തര കേരളത്തെ പകർച്ചാവ്യാധി മുക്തമാക്കുന്നതിനായി ഒരുമിച്ച കൈകൾ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും കൂട്ടിയിണക്കേണ്ടതുണ്ട്. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തവും കൂടി ഉറപ്പാക്കി 2020 ലെ ആരോഗ്യജാഗ്രതാ- പകർച്ചാവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ **"ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം"** എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും കൊതുക നിവാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കണം. ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്നു തലങ്ങളിലായി ക്യാമ്പയിൻ പ്രവർത്തനമേഖലകൾ തരംതിരിച്ച് കൊണ്ട് വാർഡ്തല ആരോഗ്യ - ശുചിത്വ - പോഷണ സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണവും മതിയായ ഏകോപനവും ഉറപ്പാക്കി യോജിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ആയതിന് അനിവാര്യമായ ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാർഡുതല സമിതികൾക്ക് ലഭ്യമാക്കി മേൽ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നേതൃത്വവും ഏകോപനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

**1 ഘടകങ്ങൾ**

ആരോഗ്യ ജാഗ്രതാ - 2020 ക്യാമ്പയിന്റെ ഭാഗമായി "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന മുഖ്യ സന്ദേശത്തോടെ "മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം" ക്യാമ്പയിന്റെ മൂന്നാം ഘട്ടം സംഘടിപ്പിക്കേണ്ടതാണ്. ഈ ക്യാമ്പയിനിൽ പ്രധാനമായും താഴെപ്പറയുന്ന ഏഴ് ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

1 ഓരോ വീടും സ്ഥാപനവും മാലിന്യമുക്ത പരിസരം ഉറപ്പാക്കുന്ന പ്രായോഗിക പ്രവർത്തനവും അതിലൂടെ പകർച്ചാവ്യാധികൾ ഉണ്ടാകുന്നത് തടയുന്നതിനുള്ള അവസ്ഥാ വിലയിരുത്തലും

2 ആരോഗ്യ സുരക്ഷയ്ക്കും പരിസ്ഥിതിയ്ക്കും ദോഷം ചെയ്യുന്ന തരത്തിൽ മാലിന്യം വലിച്ചെറിയുക, കത്തിയ്ക്കുക, നിക്ഷേപിക്കുക എന്നിവ ചെയ്യുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കൽ

3. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള **ഗ്രീൻപ്രോട്ടോക്കോൾ** നടപ്പിലാക്കിയ സർക്കാർ ഓഫീസുകളുടെ വിലയിരുത്തൽ നടത്തി അംഗീകാരം നൽകുന്നതോടൊപ്പം പൊതു പരിപാടികളിലും

ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കൽ

4. സമഗ്ര മാലിന്യ സംസ്കരണത്തിന്റെ മാതൃകകളും പ്രായോഗിക രീതികളെയും തദ്ദേശ ഭരണ അധികൃതരെയും ഉദ്യോഗസ്ഥരെയും പൊതുപ്രവർത്തരെയും പരിചയപ്പെടുത്തുന്നതിനുള്ള ശുചിത്വ മികവുകളുടെ അവതരണം സംഘടിപ്പിക്കൽ

5. മാലിന്യ സംസ്കരണത്തിലെ ഏറ്റവും പ്രധാന ഘടകം ഉറവിടത്തിൽ തരം തിരിക്കലാണ്. തരം തിരിച്ച് സംസ്കരിക്കുക എന്നത് ഒരു ജീവിത ശൈലിയായി സമൂഹത്തിൽ വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ഇതിന് ഏറ്റവും അനുയോജ്യമായ രീതി, കുട്ടികളിലൂടെയുള്ള പ്രവർത്തനമാണ്. ഇതിനായി കഴിഞ്ഞ വർഷത്തെ ജാഗ്രതോത്സവത്തിന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും "നമുക്ക് ഒന്നിക്കാം മാലിന്യം തരം തിരിച്ച് പരിപാലിക്കാം" എന്ന പേരിൽ ജാഗ്രതോത്സവം കാമ്പയിൻ 2020 ഏപ്രിൽ-മെയ് മാസങ്ങളിൽ സംഘടിപ്പിക്കണം

6. **"ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം"** എന്ന ക്യാമ്പയിൻ പരിപാടിയുടെയും സുസ്ഥിരമായ ഉറവിട മാലിന്യ സംസ്കരണ പുരോഗതിയുടെയും സൂക്ഷ്മതല വിലയിരുത്തലാണ് മറ്റൊരു പ്രധാന ഘടകം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ജനകീയ വിലയിരുത്തൽ ടീമുകൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് വിലയിരുത്തൽ നടത്തുന്നു. 2020 ഏപ്രിൽ ആദ്യവാരം ഈ പ്രവർത്തനം നടക്കേണ്ടതുണ്ട്.

7. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള മാതൃകകളെ പൊതുജന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവയെ ശീലവത്കരണത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ആസൂത്രണവും പ്രവർത്തനവും.

## 2. ആസൂത്രണം

**"ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം"** എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തന ആസൂത്രണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടത്. 50 വീടുകൾ/സ്ഥാപനങ്ങൾ അടങ്ങുന്ന ഒരു ക്ലസ്റ്റർ, വാർഡുതലം, തദ്ദേശ സ്വയംഭരണതലം എന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഓരോ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും, ജനപ്രതിനിധികളുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിലും സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒ., സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, വ്യാപാരി വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി കൂട്ടിയോജിപ്പിക്കാൻ കഴിയുന്ന മുഴുവൻ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രവർത്തന പങ്കാളികളാക്കണം. കൂടാതെ ഓരോ വകുപ്പിന്റെയും നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും കൃത്യമായി ആസൂത്രണം ചെയ്യേണ്ടതാണ്.

വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയിൽ കൂടുതൽ സജീവ പ്രവർത്തകരെ കൂട്ടിച്ചേർത്ത് പുനഃസംഘടിപ്പിച്ച് ഈ ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുക്കാൻ സജ്ജമാക്കേണ്ടതാണ്. ഇതിനായി വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലെയും വീടുകളിലും, സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലുമുള്ള പ്രധാന ശുചിത്വ-മാലിന്യ-പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി, അവ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി ഓരോ 50 വീടുകളെ/സ്ഥാപനങ്ങളെ വീതം ഉൾപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിക്കണം. ഓരോ ക്ലസ്റ്ററിനും ആനുപാതികമായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോ ലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം. മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡുതലത്തിലും തുടർന്ന് പഞ്ചായത്ത്/നഗരസഭാതലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം നേടണം. ജില്ലാ/ നഗരസഭ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പ്രസിഡന്റ്/ ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള ആരോഗ്യ ജാഗ്രതാ സമിതികളുടെയും ഇൻറർസെക്ടറൽ സമിതികളുടേയും യോഗങ്ങളും നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം. ആസൂത്രണ സംഘാടന

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അതാത് സെക്രട്ടറി കൺവീനർ ആയിരിക്കും. ജില്ലയിലെ പ്രവർത്തനങ്ങളാകെ അതാത് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച് ആസൂത്രണം ചെയ്യുന്നതും നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതുമായിരിക്കും. ജില്ലാകളക്ടർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ഉത്തരവാദിത്വങ്ങൾ നൽകുകയും വേണം. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ മെഡിക്കൽ ഓഫീസർ വൈസ് ചെയർമാനും, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന കോർകമ്മിറ്റിയും രൂപീകരിക്കണം.

### 3. മുന്നൊരുക്ക ശില്പശാലകൾ

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം ക്യാമ്പയിനിന്റെ കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും, അവതരിപ്പിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ അവയുടെ ഫലപ്രദമായ നടത്തിപ്പിനും വേണ്ടി സംസ്ഥാന, ജില്ല, ഗ്രാമപഞ്ചായത്ത്, നഗരസഭാതല ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും ബന്ധപ്പെട്ട മിഷനുകളിലേയും അനുബന്ധ വകുപ്പുകളിലേയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കേണ്ടതാണ്. ആയതിന്റെ ക്രമം ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | തലം | പങ്കെടുക്കേണ്ടവർ | അവതരണം | സംഘാടനം |
|---|---|---|---|---|
| 1 | സംസ്ഥാനതലം | സംസ്ഥാനതല മേധാവികൾ - ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, നഗരകാര്യം, പഞ്ചായത്ത്, വിദ്യാഭ്യാസം, കൃഷി, സാമൂഹിക നീതി, മൃഗ സംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, ഇറിഗേഷൻ, ജലവിഭവം/ജല അതോറിറ്റി, തൊഴിൽ, ഫിഷറീസ് വകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ഹരിത കേരളം മിഷൻ - പ്രസ്തുത വകുപ്പുകളുടെ സംസ്ഥാനതല ഉദ്യോഗസ്ഥർ | ഡയറക്ടർ, ആരോഗ്യവകുപ്പ് | കില |
| 2 | ജില്ലാതലം | ജില്ലാ മേധാവികൾ - ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, നഗരകാര്യം, പഞ്ചായത്ത്, വിദ്യാഭ്യാസം, കൃഷി, സാമൂഹിക നീതി, മൃഗ സംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, ഇറിഗേഷൻ, ജലവിഭവം/ജല അതോറിറ്റി, തൊഴിൽ, ഫിഷറീസ് വകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ഹരിത കേരളം മിഷൻ - പ്രസ്തുത വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ | ജില്ലാ മെഡിക്കൽ ഓഫീസർ | ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ |

| | | | | |
|---|---|---|---|---|
| 3 | തദ്ദേശ സ്വയംഭരണ സ്ഥാപനതലം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ, ആരോഗ്യ ശുചിത്വ പോഷകസമിതി ചെയർമാൻമാർ, കൺവീനർമാർ, അംഗങ്ങൾ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ. | മെഡിക്കൽ ഓഫീസർ | തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപന സെക്രട്ടറി |
| 4 | ശുചിത്വ സ്ക്വാഡ് | ശുചിത്വ സ്ക്വാഡ് അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ് വെൽഫെയർ അസോസിയേഷനു കൾ, വ്യാപാരി വ്യവസായികൾ, ഓഡിറ്റോറിയം-റസ്റ്റാറന്റ് ഉടമകൾ | ഹെൽത്ത് ഇൻസ്പെക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപന സെക്രട്ടറി |

### 4. പരിശീലനം

വാർഡുതല പ്രവർത്തനാസൂത്രണം, ക്ലസ്റ്റർതല കർമ്മപരിപാടി തയ്യാറാക്കൽ എന്നിവയ്ക്കായി ശുചിത്വ-ആരോഗ്യ പോഷണ സമിതി അംഗങ്ങൾക്കും ശുചിത്വ സ്ക്വാഡ് അംഗങ്ങൾക്കും പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ഇതിനായി ജില്ലാ-ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കണം. ഫ്ളക്സ്, പ്ലാസ്റ്റിക് നിരോധനത്തിന്റെ പശ്ചാതലത്തിൽ പരിശീലന സംഘാടനത്തിന് കിലയുടെ സഹകരണം തേടാവുന്നതാണ്. ഒപ്പം വെർച്ചൽ ക്ലാസ്റൂം സംവിധാനവും പ്രയോജനപ്പെടുത്താവുന്നതാണ്. പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കുന്നതിനും ബദൽ ഉല്പന്നങ്ങൾ ഉപയോഗിച്ച് മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനും പരിശീലനം നൽകണം.

### 5. പ്രധാന പ്രവർത്തനങ്ങൾ

### 5.1 വാർഡ്തല ആരോഗ്യ ശുചിത്വസമിതി പ്രത്യേക യോഗവും, വാർഡ്തല ശുചിത്വ കൂട്ടായ്മയും

വാർഡ് മെമ്പർമാർ/കൗൺസിലർമാർ, വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ യോഗം വിളിച്ചുചേർത്ത് ശുചിത്വ മാപ്പിംഗും, മൈക്രോ ലെവൽ കർമ്മപദ്ധതി രൂപീകരണവും നടപ്പാക്കുന്നതിന് നേതൃത്വം നൽകണം. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. വാർഡ് തലത്തിൽ വായനശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, മഹിളാ സംഘടനകൾ, കുടുംബശ്രീ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ വ്യാപാര-വ്യവസായ സ്ഥാപന പ്രതിനിധികൾ, ഗ്രാമ/നഗരതല ഉദ്യോഗസ്ഥർ, ആരോഗ്യസേന, ഹരിതകർമ്മസേന, പെൻഷനേഴ്സ് അസോസിയേഷൻ മെമ്പർമാർ, എക്സ് സർവ്വീസ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള വാർഡ്തല ശുചിത്വ കൂട്ടായ്മയിൽ വച്ചാവണം പ്രവർത്തനങ്ങളുടെ ആസൂത്രണം നടത്തേണ്ടത്. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ ഓരോ വാർഡിലെയും പ്രവർത്തന മേൽനോട്ടത്തിന്റെ ഔദ്യോഗിക ചുമതല അതാത് ഹെൽത്ത്

ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ/വി.ഇ.ഒ മാർ എന്നിവർക്ക് നൽകി ഉത്തരവ് ഇറക്കേണ്ടതാണ്.

**5.2 ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം**

വാർഡ് തലത്തിലെ ശുചിത്വ കൂട്ടായ്മയിൽവച്ച് ഓരോ 50 വീടിനും നാല് അംഗങ്ങൾ വീതമുള്ള (ഒരു പുരുഷൻ നിർബന്ധം) ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. ഓരോ വാർഡിലേയും 50 വീടുകൾക്ക് ഒരു ടീം എന്ന തലത്തിൽ ശുചിത്വ സ്ക്വാഡുകൾ പ്രവർത്തിക്കേണ്ടതാണ്. വാർഡിൻറ വിസ്തൃതിയും വീടുകളുടെ എണ്ണവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സന്ദർശനം പൂർത്തിയാക്കേണ്ട സമയപരിധിയും കണക്കാക്കി സ്ക്വാഡുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്താവുന്നതുമാണ്. സ്ക്വാഡിന്റെ നേതൃത്വം ആരോഗ്യ വിഭാഗം ജീവനക്കാരനും, വോളണ്ടിയർമാരെ നിയമിക്കേണ്ടത് കുടുംബശ്രീ എ.ഡി.എസ്. ചുമതലക്കാരും ആയിരിക്കും. വാർഡുതല ശുചിത്വമാപ്പിംഗും മൈക്രോലെവൽ കർമ്മപദ്ധതി തയ്യാറാക്കലും ആരോഗ്യ ശുചിത്വ പോഷണ സമിതിയ്ക്കൊപ്പം തന്നെ ശുചിത്വ സ്ക്വാഡുകളുടേയും ഉത്തരവാദിത്വമായിരിക്കും. വാർഡുതല സ്ക്വാഡുകൾക്കുള്ള ക്ലസ്റ്ററുകൾക്ക് പുറമേ വാർഡുകളെ ചെറു ക്ലസ്റ്ററുകളായി തിരിച്ച് ഭവനങ്ങൾ/സ്ഥാപനങ്ങളിൽ (ശരാശരി 10- 25) ഭവനങ്ങൾ/സ്ഥാപനങ്ങൾ) പരിശോധന നടത്തുന്നതിനായി വോളണ്ടിയർമാരെ നിയമിക്കേണ്ടതാണ്.

**5.3 ക്ലസ്റ്ററിൽപെടുന്ന വീടുകളും, സ്ഥാപനങ്ങളും, പൊതുയിടങ്ങളും സന്ദർശിച്ച് ശുചിത്വ സ്ക്വാഡുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ**

1 ആദ്യ സന്ദർശനത്തിന് മുമ്പ് ക്ലസ്റ്റർതല മാപ്പും മൈക്രോപ്ലാനും ഉണ്ടാക്കുകയും സന്ദർശിക്കേണ്ട 25- 50 വീടുകൾ/പ്ലോട്ടുകൾ/സ്ഥാപനങ്ങൾ സംബന്ധിച്ച വിരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം

2 ഓരോ ക്ലസ്റ്ററിലേയും വീടുകൾ, സ്ഥാപനങ്ങൾ (സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ), പൊതുയിടങ്ങൾ എന്നിവ സന്ദർശിച്ച് ജനങ്ങൾക്ക് ശുചീകരണ ബോധവൽക്കരണം നൽകുക

3. ആഴ്ചയിൽ ഒരു ദിവസം ആരോഗ്യ ജാഗ്രതാ ദിനം ആചരിക്കുവാൻ നിർദ്ദേശിക്കുകയും, മാലിന്യമുക്ത പരിസരത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക

4. കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടുപിടിച്ച് വീട്ടുകാരെ/സ്ഥാപനത്തിലുള്ളവരുടെ സഹായത്തോടെ അവ നശിപ്പിക്കുക

5. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ആവശ്യകത ഓരോ കുടുംബം/സ്ഥാപനത്തേയും ബോദ്ധ്യപ്പെടുത്തൽ

6. മാലിന്യ സംസ്കരണ ഉപാധികൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തൽ

7. അശാസ്ത്രീയമായ മാലിന്യ സംസ്കരണം മൂലമുണ്ടാകുന്ന രോഗങ്ങൾ സംബന്ധിച്ചും മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്താലുണ്ടാകുന്ന മാരക രോഗങ്ങൾ സംബന്ധിച്ചും അത്തരം പ്രവർത്തികൾക്ക് ലഭ്യമാക്കാവുന്ന നിയമപരമായ ശിക്ഷാനടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തുക

8. പകർച്ചവ്യാധികൾ ഒഴിവാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് പൊതുജനങ്ങൾക്ക് കൃത്യമായി പറഞ്ഞുകൊടുക്കണം

9. പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക

10. പാത്രങ്ങളിലും ടാങ്കുകളിലും ജലം സംഭരിച്ച് സൂക്ഷിക്കുമ്പോൾ അവ കൊതുക് കടക്കാത്തവിധം കൃത്യമായി അടച്ചുസൂക്ഷിക്കാനും ആഴ്ചയിലൊരിക്കൽ ജലം നീക്കം ചെയ്ത് ഉൾവശം ഉരച്ച് കഴുകി ഉണക്കിയശേഷം വീണ്ടും ജലം നിറയ്ക്കാനായി ബോധ്യപ്പെടുത്തുക

11. ജൈവ മാലിന്യ സംസ്കരണ ഉപാധി നിലവിലുണ്ടോ, ഇല്ലെങ്കിൽ അവർക്ക് സ്വീകരിക്കാവുന്ന ഉപാധി നിർദ്ദേശിക്കുക. കമ്പോസ്റ്റ് കുഴി നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് നിർദ്ദേശം നൽകുക

12. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കമ്പോസ്റ്റുപിറ്റ് നിർമ്മിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുക

13. വീട്ടിലുണ്ടാവുന്ന അജൈവ മാലിന്യം വൃത്തിയാക്കി തരംതിരിച്ച് സൂക്ഷിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ ഇതിനുള്ള രീതി ബോധ്യപ്പെടുത്തുക

14. അപകടകരമായ മാലിന്യവും ഇലക്ട്രോണിക് മാലിന്യങ്ങളും തരംതിരിച്ച് സൂക്ഷിക്കുന്നതിനും അവ കൈമാറുന്നതിനുമുള്ള സംവിധാനങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെടുത്തുക

15. വീട്ടിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിനുള്ള രീതി പരിശോധിക്കുകയും സോക്ക്പിറ്റ് നിർമ്മാണം പഠിപ്പിക്കുകയും ചെയ്യുക

16. ഈ പ്രവർത്തനങ്ങളിലൂടെ വീടും പരിസരവും മാലിന്യമുക്തമാക്കുന്നതിന് കഴിയുമെന്ന് ബോധ്യപ്പെടുത്തുക. ഇതിലൂടെ കൊതുക്, ഈച്ച, എലി തുടങ്ങിയ പകർച്ചവ്യാധിക്കു കാരണമാകുന്ന ജീവികളെ നിയന്ത്രിക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തുക

17. പകർച്ചവ്യാധി ബോധവൽക്കരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക

18. ഉറവിട മാലിന്യ സംസ്കരണ രീതികൾ പ്രചരിപ്പിക്കുക, കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് സ്ഥാപിക്കുന്നതിന് വീടുകൾ/സ്ഥാപന ഉടമകളെ പ്രേരിപ്പിക്കുക

19. ബഹുനില കെട്ടിടങ്ങൾ പണിയുന്നിടത്തും പുതുക്കി പണിയൽ നടത്തുന്ന സ്ഥാപനങ്ങളും സന്ദർശിച്ച് ഈച്ച, കൊതുക്, എലി തുടങ്ങിയവ പെരുകാനുള്ള സാഹചര്യങ്ങൾ പരിശോധിക്കുക.

20. തോട്ടം മേഖലകൾ/തീരദേശ മേഖലകൾ/ആദിവാസി മേഖലകൾ/ചേരികൾ/ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് കൊതുകുകളുടെ ഉറവിട നശീകരണം ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക

21. കുടിവെള്ള ഗുണമേന്മ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക

22. ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്ന ആരോഗ്യ പ്രവർത്തകർ ആഴ്ചയിലൊരിക്കൽ പ്രവർത്തന പുരോഗതി വിലയിരുത്തുക

23. വിവിധ ആരോഗ്യ ശുചിത്വ ക്യാമ്പയിനുകൾ നിശ്ചിത തീയതികളിൽ ജനപങ്കാളിത്തത്തോടെ നടത്തുക

24. ശുചിത്വ മാപ്പിംഗ് നടത്തുക, റിപ്പോർട്ട് തയ്യാറാക്കുക

25. ഓരോ വീടുകളിലും തുണി സഞ്ചികൾ സ്പോൺസർമാർ മുഖേന നൽകുക

26. തൊഴിലുറപ്പ് പദ്ധതി മുഖേന എല്ലാ വീടുകളിലും സോക്കേജ്പിറ്റ്, കമ്പോസ്റ്റിംഗ് മാതൃകകൾ എന്നിവ നിർമ്മിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുക

27. വാർഡിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക

**ഓരോ ക്ലസ്റ്ററിനെ സംബന്ധിച്ചും ചുവടെ പറയുന്ന വിവരങ്ങൾ ശുചിത്വ സ്ക്വാഡ് അംഗങ്ങൾ ക്രോഡീകരിച്ച് വാർഡ് ശുചിത്വ ആരോഗ്യ സമിതിക്ക് നൽകണം**

- ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാത്ത വീടുകളും, സ്ഥാപനങ്ങളും, പൊതുയിടങ്ങളും
- കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കാൻ സ്ഥലസൗകര്യമുള്ള വീടുകൾ. സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ എന്നിവയുടെ വിവരങ്ങൾ
- സോക്കേജ് പിറ്റ് നിർമ്മിക്കേണ്ട വീടുകൾ, സ്ഥാപനങ്ങൾ
- അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതും അല്ലാത്തതുമായ വീടുകളും, സ്ഥാപനങ്ങളും
- മാലിന്യം കത്തിയ്ക്കുകയും വലിച്ചെറിയുകയും ചെയ്യുന്ന വീടുകളും, സ്ഥാപനങ്ങളും
- മലിനജലം കെട്ടിനിന്ന് കൊതുക് വളരുന്ന വീടുകൾ/സ്ഥാപനങ്ങൾ/പൊതുയിടങ്ങൾ
- അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി സൂക്ഷിക്കാത്ത/കൈമാറാത്ത വീടുകൾ/ സ്ഥാപനങ്ങൾ
- മിനി എം.സി.എഫ് സ്ഥാപിക്കുവാൻ കഴിയുന്ന സ്ഥലം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യാൻ പാകത്തിന് വാർഡ് ശുചിത്വ-ആരോഗ്യ- പോഷണ സമിതിയേയും ക്ലസ്റ്റർ ചുമതലയുള്ള ടീമിനേയും സജ്ജമാക്കുക എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ചുമതല. ഇതിനായി പഞ്ചായത്ത്/നഗരസഭാതലത്തിൽ വാർഡ് മെമ്പർ, വാർഡ് ശുചിത്വ ആരോഗ്യ സമിതി കൺവീനർ എന്നിവർക്ക് പരിശീലനം നൽകണം. ഇതോടൊപ്പം പഞ്ചായത്ത്/നഗരസഭാ സമിതികൾ താഴെപ്പറയുന്ന ഘടകങ്ങൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളും ഉറപ്പാക്കണം.

1 മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ തയ്യാറാക്കുക. പ്രവർത്തനങ്ങൾ സമയബന്ധിതമായി തുടങ്ങുന്നതിനുള്ള കലണ്ടർ തയ്യാറാക്കുക.

2. ഹരിതകർമ്മസേന സമാഹരിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിച്ച് സംഭരിക്കുന്നതിനാവശ്യമായ സെൻറർ (എം.സി.എഫ്) പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക. നിർമ്മാണം ഉടൻ സാധ്യമല്ലെങ്കിൽ താൽക്കാലിക എം.സി.എഫ് തുടങ്ങുന്നതിനുള്ള നടപടികൾ (വാടകയ്ക്ക്/താൽക്കാലികം) സ്വീകരിക്കുക.

3. പഞ്ചായത്തുകളും നഗരസഭകളും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരണ സംവിധാനത്തിലേയ്ക്ക് കൈമാറുന്നതിന് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെൻററുകൾ (ആർ.ആർ.എഫ്.) നിലവിലുണ്ടോ എന്ന് പരിശോധിക്കണം. കൂടാതെ ഏത് ആർ.ആർ.എഫിലേക്കാണ് പഞ്ചായത്ത്/നഗരസഭയെ ബന്ധിപ്പിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തണം.

4. വ്യാപാരി വ്യവസായികൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ചുമതലക്കാരുടെ പ്രത്യേക യോഗം ചേർന്ന് ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുകയും സ്ഥാപിക്കാത്ത ഇടങ്ങളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കലണ്ടറും തയ്യാറാക്കുക. ഇവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുക

5. റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ ത്രിതല സംവിധാനം, പ്രാദേശിക-സാംസ്കാരിക സംഘടനകൾ, യുവജന സംഘടനകൾ തുടങ്ങിയ സംഘടനകളുടെ യോഗം ചേർന്ന് ഉറവിട മാലിന്യസംസ്കരണം, പൊതു പരിപാടികളിലെ ഗ്രീൻപ്രോട്ടോക്കോൾ പ്രായോഗികമാക്കുന്നതിനും നേതൃത്വം ഏറ്റെടുക്കുന്നതിനും ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുകയും ചെയ്യുക.

6. പഞ്ചായത്ത്/നഗരസഭാ പ്രദേശങ്ങളിലെ മാലിന്യ കൂമ്പാരം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

7. ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം ക്യാമ്പയിനിലൂടെ സമാഹരിക്കപ്പെടുന്ന അജൈവ മാലിന്യം സംസ്കരണത്തിന് കൈമാറാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സ്ക്രാപ് ബിസിനസുകാരുടെ സംഘടന, റീസൈക്ലിംഗ് വ്യവസായ രംഗത്തുള്ള ഏജൻസികൾ എന്നിവരുമായി സംസാരിച്ച് സംഭരണത്തിനും കയ്യൊഴിയലിനുമുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുക.

8. ആരോഗ്യ ജാഗ്രത 2020 - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ക്യാമ്പയിനിലൂടെ സ്ഥാപനങ്ങളിൽനിന്നും വീട്ടുകളിൽനിന്നും മാലിന്യം സമാഹരിക്കുന്നതിനുള്ള ഹരിതകർമ്മസേനാ പ്രവർത്തനം, വൃത്തിയാക്കിയ അജൈവ മാലിന്യം സംഭരിക്കുന്നതിനുള്ള എം.സി.എഫ്., എം.എസി.എഫിൽ സമാഹരിച്ച പാഴ്വസ്തുക്കൾ തരം തിരിച്ച് പുനഃചംക്രമണത്തിന് കയ്യൊഴിയുന്നതിനും 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാറിംഗിന് കയ്യൊഴിയുന്നതിനും പുനഃചംക്രമണം ചെയ്യാൻ കഴിയാത്തതും അപകടകരവുമായ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരണത്തിനും കയ്യൊഴിയുന്നതിനും നോഡൽ സെൻററായി പ്രവർത്തിക്കുന്ന ആർ.ആർ.എഫ് പ്രവർത്തനക്ഷമമാക്കുന്നതിനും ഈ ക്യാമ്പയിൻ കാലഘട്ടത്തിൽ സാധിക്കണം. എല്ലാ

ഘടകങ്ങളും സജ്ജമാക്കാത്തിടങ്ങളിൽ അനുയോജ്യമായ താൽക്കാലിക സംവിധാനങ്ങളിലൂടെയായാലും ആരോഗ്യജാഗ്രതയ്ക്ക് മാലിന്യമുക്ത പരിസരം കൈവരിക്കാൻ കഴിയണം.

9. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായും ഒഴിവാക്കി ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രേരിപ്പിക്കുക

വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിലും പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാതലങ്ങളിൽ പ്രസിഡൻറുമാരുടെയും നഗരസഭകളിൽ മേയർ/ചെയർമാൻമാരുടേയും അദ്ധ്യക്ഷതയിലും അതാത് തലങ്ങളിലെ മെഡിക്കൽ ഓഫീസർമാർ കൺവീനർമാരുമായി ഇൻറർസെക്ടർ കമ്മിറ്റിയും ആസൂത്രണ സംഘാടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതാത് സെക്രട്ടറി കൺവീനറും ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ ജോയിന്റ് കൺവീനറായും പ്രവർത്തിക്കേണ്ടതാണ്. ജില്ലയിലെ പ്രവർത്തനങ്ങളാകെ അതാത് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതുമായിരിക്കും. ജില്ലാ കളക്ടർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ചുതമലകൾ നിശ്ചയിച്ച് നൽകുകയും വേണം. പ്രവർത്തന പരിപാടികളുടെ നിർവ്വഹണം ഫലപ്രദമാക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥന്മാരടങ്ങുന്ന കോർ കമ്മിറ്റിയും രൂപീകരിക്കണം.

## 5.4 വാർഡുതല ശുചിത്വ മാപ്പിംഗും, മൈക്രോലെവൽ കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കലും

ശുചിത്വ സ്ക്വാഡുകൾ പകർച്ചവ്യാധികൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ കണ്ടെത്തി മാപ്പിംഗ് നടത്തേണ്ടതാണ്. മാപ്പ് ചെയ്യുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം മൈക്രോലെവൽ കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത്. ഇത് വാർഡുതല ചുമതലാ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരിക്കും. വാർഡ്തല മാപ്പിംഗുകൾ നടത്തിയത് നഗര/ഗ്രാമ തലത്തിൽ ക്രോഡീകരിക്കുന്നതിനുവേണ്ടി നഗരസഭ/ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ/വി.ഇ.ഒ. എന്നീ ഉദ്യോഗസ്ഥരെ കൺവീനറാക്കി മൂന്നംഗ കമ്മിറ്റിയെ ഗ്രാമപഞ്ചായത്ത്/നഗരസഭാ സമിതി ചുമതലപ്പെടുത്തണം.

വാർഡുതല ശുചിത്വമാപ്പിംഗിന്റെ അടിസ്ഥാനത്തിൽ 50 വീടുകൾ അടങ്ങുന്ന ക്ലസ്റ്ററുകൾക്കുള്ള (പ്രദേശങ്ങളുടെ വിസ്തൃതിയും, ജനസാന്ദ്രതയും കണക്കാക്കി ക്ലസ്റ്ററിലെ വീടുകളുടെ എണ്ണം നിജപ്പെടുത്താവുന്നതാണ്) പകർച്ചവ്യാധി പ്രതിരോധ കർമ്മപദ്ധതിയാണ് തയ്യാറാക്കേണ്ടത്.

തയ്യാറാക്കിയ കർമ്മപരിപാടികൾ കാലഗണന പാലിച്ച് പഞ്ചായത്ത്/ നഗരസഭയുടെ പിന്തുണയോടെ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതി നേതൃത്വം നൽകി ശുചിത്വ സ്ക്വാഡുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. മാപ്പിംഗ് നടത്തുന്ന നടപടിക്രമം **അനുബന്ധം - 1** ആയി വിശദമാക്കിയിട്ടുണ്ട്.

## 5.5 ശുചിത്വ മാപ്പിംഗിലൂടെ കണ്ടെത്തേണ്ടത്

- വാർഡിൽ മാലിന്യ പ്രശ്നങ്ങൾ ഉള്ളതും വെള്ളം കെട്ടിനിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ
- ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ
- പൊട്ടിയ സെപ്റ്റിക് ടാങ്കുകൾ, കൊതുകുവല കൊണ്ട് മൂടാത്ത വെന്റ് പൈപ്പുകൾ
- സ്ഥാപനത്തിൽനിന്നും വീടുകളിൽനിന്നും മലിനജലം പൊതു ഓടയിലേയ്ക്ക് തുറന്നു വിടുന്ന പ്രശ്നങ്ങൾ

- കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ
- ജൈവമാലിന്യവും പ്ലാസ്റ്റിക്കും മറ്റ് ദ്രവിക്കാത്ത മാലിന്യങ്ങളും വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ
- വെള്ളം കെട്ടിനിൽക്കുന്ന ടാങ്കുകൾ, ജലം സംഭരിച്ച് തുറന്നുവച്ചിട്ടുള്ളതുമായ ടാങ്കുകൾ, പാത്രങ്ങൾ
- കരിക്കിൻ തൊണ്ടുകൾ/ചിരട്ടകൾ/ഉപയോഗശൂന്യമായ പാത്രങ്ങൾ, കുപ്പികൾ, ഉപേക്ഷിച്ച ടയറുകൾ
- അഴുകുന്ന ഗാർഹികതല മാലിന്യങ്ങൾ വലിച്ചെറിയപ്പെടുന്ന ഇടങ്ങൾ
- പ്ലാസ്റ്റിക്കും മറ്റ് ദ്രവിക്കാത്ത മാലിന്യങ്ങളും വലിച്ചെറിയുന്ന സാഹചര്യങ്ങൾ
- വൃത്തിയില്ലാത്ത വീടും പരിസരവും
- കെട്ടിട നിർമ്മാണ സ്ഥലങ്ങൾ
- റബ്ബർ തോട്ടങ്ങൾ/കമുകിൻ തോട്ടങ്ങൾ/പൈനാപ്പിൾ/കൊക്കോ തോട്ടങ്ങൾ
- വർക്ക്ഷോപ്പുകൾ/ഗ്യാരേജുകൾ
- കക്കൂസ് ടാങ്ക്
- വീടിനുള്ളിലും ടെറസിലും കൊതുക് വളരാനുള്ള സാഹചര്യങ്ങൾ (ഫ്രിഡ്ജ് ട്രേ, പൂച്ചട്ടികൾ മുതലായവ)
- പഴകിയ വാഹനങ്ങൾ (വർക്ക് ഷോപ്പുകൾ, പോലീസ് സ്റ്റേഷൻ പരിസരം)
- ആൾപ്പാർപ്പില്ലാത്ത പറമ്പുകൾ
- പൂട്ടിയിട്ടിരിക്കുന്ന വീടുകളുടെ പരിസരം, ടോയ്ലറ്റ്, വാട്ടർ സീലുകൾ
- നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ
- സ്ക്രാപ് ഷോപ്പുകൾ

## 6. "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" - മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം മൂന്നാം ഘട്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനും ജനകീയ പങ്കാളിത്തം സൃഷ്ടിക്കുന്നതിനും അതിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം - മൂന്നാം ഘട്ട പരിപാടിയും ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തേണ്ടതുണ്ട്. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾ ചുവടെകൊടുക്കുന്നു.

### 6.1 വിശേഷാൽ ഗ്രാമ/വാർഡ് സഭകൾ

വിശേഷാൽ ആരോഗ്യ ഗ്രാമസഭകൾ വിളിച്ചുചേർത്ത് ഓരോ തലങ്ങളിലും ഗ്രാമ/വാർഡ് സഭാംഗങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിലും കൂട്ടായ്മയിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും സൂക്ഷ്മതല പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

### 6.2 പ്രത്യേക ക്ലസ്റ്റർ യോഗങ്ങൾ

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും ഗൃഹസന്ദർശനം രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുമായി ഓരോ ക്ലസ്റ്ററിലേയും യോഗം ചേരണം. (25- 50 വീടുകൾ)

### 6.3 പൊതുജന പങ്കാളിത്തം ഉറപ്പാക്കൽ

മത ആരാധന മേലധ്യക്ഷൻമാർ, അമ്പല കമ്മിറ്റി അംഗങ്ങൾ, കരയോഗ പ്രതിനിധികൾ, ലയൺസ്, റോട്ടറി സംഘടനാ പ്രതിനിധികൾ, വ്യാപാര വ്യവസായ സംഘടനാ പ്രതിനിധികൾ,

സ്വകാര്യ സ്ഥാപന പ്രതിനിധികൾ എന്നിവരെ വിളിച്ചുകൂട്ടി ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.

### 6.4 വിവര വിജ്ഞാന വ്യാപനം

ചിട്ടയായ മാലിന്യ സംസ്കരണത്തിലൂടെ ജലത്തിലൂടെ ഉണ്ടാകുന്ന രോഗങ്ങളെയും പ്രാണി-ജന്തുജന്യ രോഗങ്ങളും പ്രതിരോധിക്കാമെന്ന വസ്തുത ഓരോ വ്യക്തിയിലും എത്തിക്കുന്നതിന് അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി ഹരിത കേരളം മിഷനും ശുചിത്വ മിഷനും ആരോഗ്യ വകുപ്പും പ്രസിദ്ധീകരിച്ചിട്ടുള്ള കുറിപ്പുകളും പുസ്തകങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

### 6.5 ഗ്രീൻ പ്രോട്ടോക്കോൾ

ഉത്സവങ്ങൾ, ആഘോഷങ്ങൾ, സമ്മേളനങ്ങൾ, ഘോഷയാത്രകൾ, ആചാരാനുഷ്ഠാനങ്ങൾ, വിവാഹങ്ങൾ തുടങ്ങിയ എല്ലാ പരിപാടികളിലും, സർക്കാർ/സർക്കാരിതര ഓഫീസുകളിലും, സ്ഥാപനങ്ങളിലും, ഓഡിറ്റോറിയങ്ങളിലും, റസ്റ്റോറൻറുകളിലും, വീട്ടുകളിലും നടക്കുന്ന ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളും പൊതു പ്രവർത്തകരും മുൻകൈ എടുക്കണം. എല്ലാത്തരം പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ/പ്ലേറ്റുകൾ എന്നിവ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിതമായ സഞ്ചികൾ, സ്റ്റീൽ/മൺ/ചില്ല് കപ്പുകൾ, സ്റ്റീൽ/ചില്ല്/സിറാമിക് പ്ലേറ്റുകൾ എന്നിവ ഉപയോഗിച്ചാൽതന്നെ മാലിന്യം വലിയൊരളവിൽ കുറയുകയും അത്തരം മാലിന്യങ്ങൾ പൊതുസ്ഥലം, ഓട, തോട്, പുഴ എന്നിവയിലേയ്ക്ക് വലിച്ചെറിയുന്നതും കത്തിയ്ക്കുന്നതും മൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യും. പകർച്ചവ്യാധി പ്രതിരോധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് എല്ലാ ജനപ്രതിനികൾ, ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ എന്നിവർക്ക് സ്വന്തം വീട്ടിൽ കമ്പോസ്റ്റിംഗ് ചെയ്യും ഗ്രീൻ പ്രോട്ടോക്കോൾ തങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനം, പൊതു സ്ഥാപനം, പൊതു/സ്വകാര്യ ചടങ്ങുകൾക്കും ഉത്സവങ്ങൾക്കും ബാധകമാക്കിയും മാതൃകയാകാൻ കഴിയണം. ഗ്രീൻ പ്രോട്ടോക്കോൾ പാലനം പകർച്ചവ്യാധി പ്രതിരോധനത്തിന് ഒരു ഘടകം എന്ന ആശയം സമൂഹത്തിന് ബോദ്ധ്യപ്പെടുത്തുന്നതിനുള്ള പ്രചാരണ പരിപാടിയായി സംഘടിപ്പിക്കേണ്ടതാണ്. വാർഡ് മെമ്പർമാർ/കൗൺസിലർമാർ, ആരോഗ്യ ശുചിത്വപോഷണ സമിതി, വോളണ്ടിയർമാർ എന്നിവർ ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതാണ്.

### 6.6 ഹരിത നിയമങ്ങളും കുട്ടികളും

ഫലപ്രദമായ മാലിന്യ സംസ്കരണത്തിന് പരമപ്രധാനമാണ് ഉറവിടത്തിൽ തന്നെ മാലിന്യം തരം തിരിക്കൽ. ഇത് ജീവിത ശൈലിയായി മാറുന്നതിലൂടെ മാത്രമേ വ്യവസ്ഥാപിതമാക്കാൻ സാധിക്കുകയുള്ളൂ. സമൂഹത്തിലാകെയും മുതിർന്നവരിൽ പ്രത്യേകിച്ചും ഈ ശീലം കൊണ്ടുവരുന്നതിന് ശക്തമായ ഇടപെടൽ അനിവാര്യമാണ്. മാലിന്യ സമാഹരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിബന്ധനകളും നിയമനടപടികളും ഉറവിടത്തിൽ തരംതിരിക്കുന്നത് ഉറപ്പാക്കാൻ സഹായിക്കും. എന്നാൽ ഈ ശീലം വ്യവസ്ഥാ പിതമാക്കുന്നതിനും മുതിർന്നവരിൽ ശീലം ഉറപ്പിക്കുന്നതിനും ഹൃദയ സ്പർശിയായ ഇടപെടൽ ആവശ്യമാണ്. കുട്ടികളുടെ നേതൃത്വത്തിനായിരിക്കും ഇത് കൂടുതൽ ഫലപ്രദമാകുക. സ്കൂളുകൾ വഴിയും കുട്ടികളുടെ പ്രാദേശിക കൂട്ടായ്മവഴിയുമായിരിക്കും ഈ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയുക. ആരോഗ്യകരമായ ഒരു വിനോദ വിജ്ഞാന പ്രവർത്തനമായിട്ടാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളികൾ, പ്രോജക്ട് വർക്കുകൾ തുടങ്ങി വ്യത്യസ്ത ഉപാധികൾ ചേർന്നതായിരിക്കും. ഇതിന് തുടക്കമെന്ന നിലയ്ക്ക് **<u>"ഹരിത നിയമങ്ങളും കുട്ടികളും"</u>** എന്ന പരിപാടി ഉടനടി സംഘടിപ്പിക്കുക. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ . കുട്ടികളുടെ പ്രാദേശിക കൂട്ടായ്മയിലൂടെ പൈലറ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. തുടർന്ന് 2020 ഏപ്രിൽ-മെയ് മാസങ്ങളിൽ കേരളത്തിലെ എല്ലാ വാർഡുകളിലും കഴിഞ്ഞ വർഷത്തെ ജാഗ്രതോത്സവത്തിന്റെ മാതൃകയിൽ മാലിന്യം വേർതിരിക്കൽ മുഖ്യ പ്രമേയമായിട്ടുള്ള സൗഹൃദോത്സവങ്ങൾ (ജാഗ്രതോൽസവം രണ്ടാം ഘട്ടം) **"വേർതിരിക്കേണ്ടത് മാലിന്യവും കരുതേണ്ടത് സൗഹൃദവും"** സംഘടിപ്പിക്കും. 20 ലക്ഷം കുട്ടികളെ അവധിക്കാലത്ത് ഈ സൗഹൃദോത്സവത്തിൽ പങ്കെടുപ്പിക്കുകയാണ് ലക്ഷ്യം.

കുടുംബശ്രീ മിഷനും കിലയുമായി ചേർന്നാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടത്. തുടർന്ന് 2020 ജൂൺ 5 മുതൽ ആഗസ്റ്റ് 15 വരെ സ്കൂളുകൾ വഴി ഉറവിടത്തിൽ മാലിന്യം വേർതിരിച്ച് സംസ്കരിക്കൽ എന്നത് ഉറപ്പിക്കുന്നതിനുള്ള അടുത്ത ഘട്ട പ്രവർത്തനം നടക്കും. അവധിക്കാലത്ത് നടക്കുന്ന സൗഹൃദോത്സവങ്ങൾ ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കാൻ സഹായിക്കും. എല്ലാ സ്കൂളുകളിലും അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി കളക്ടേഴ്സ് @ സ്കൂൾ പദ്ധതി വ്യാപിപ്പിക്കണം. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ശുചിത്വ മേഖലയിലെ ഫണ്ട് വിനിയോഗിക്കാം. കുട്ടികൾ ശേഖരിക്കുന്ന തരംതിരിച്ച അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേന/സ്ക്രാപ്പ് വ്യാപാരികൾ എന്നിവർക്ക് നിശ്ചിത ഇടവേളകളിൽ കൈമാറേണ്ടതാണ്.

### 6.7 പ്ലാസ്റ്റിക്, ഫ്ളക്സ് നിരോധനം വ്യവസ്ഥാപിതമാക്കൽ

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് സാമഗ്രികൾ, പോളി വൈനൽ ക്ലോറൈഡ് അടങ്ങിയ ഫ്ളക്സുകൾ എന്നിവയുടെ ഉല്പാദനവും വിപണനവും സർക്കാർ നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ ഇവ വില്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധന നടത്തുകയും നിയമവിരുദ്ധമായി ഇവ വിപണനം നടത്തുന്നവർക്കെതിരെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പിഴ ഈടാക്കുകയും വേണം. കൃത്യമായ ഇടവേളകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധനകൾ നടത്തേണ്ടതാണ്.

പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് ബദലായി പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിക്കുവാൻ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ഓരോ വീടുകളിലും സ്പോൺസർഷിപ്പ് മുഖേന ഒരു തുണിസഞ്ചി നൽകുന്ന പദ്ധതി അനുവദിക്കുകയും വേണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും കുടുംബശ്രീ യൂണിറ്റുകൾ മുഖേന പ്രകൃതി സൗഹൃദ ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സാഹചര്യമൊരുക്കണം. പരിശീലനം, സാങ്കേതിക സഹായം, വായ്പ എന്നിവ കുടുംബശ്രീ മുഖേന നൽകേണ്ടതാണ്. ദേശീയ ഹരിത ട്രൈബ്യൂണൽ മാതൃക തദ്ദേശസ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജൈവ കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ സാമൂഹ്യ കമ്പോസ്റ്റിംഗ് മാതൃകകൾ എന്നിവ സ്ഥാപന തലത്തിൽ നിർമ്മിക്കേണ്ടതാണ്. 2020 ഏപ്രിൽ 25 നകം ഇവയെല്ലാം സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് സ്ഥാപനങ്ങളായി പ്രഖ്യാപിക്കണം. ഈ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന എല്ലാ വീടുകളിലും ഏതെങ്കിലും ഒരു ജൈവകമ്പോസ്റ്റിംഗ് ഉപകരണം ഉണ്ടായിരിക്കണം.

## 7 പ്രവർത്തന കലണ്ടർ

| ക്രമ നം. | പ്രവർത്തന ഘടകം | ഉത്തരവാദിത്വം | പങ്കെടുക്കേണ്ടവർ | സമയക്രമം |
|---|---|---|---|---|
| 1 | ആരോഗ്യജാഗ്രത 2020, രോഗപ്രതിരോധ യജ്ഞം സംസ്ഥാനതല ഉദ്ഘാടനം (തിരുവനന്തപുരം) | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് | ബഹു.മന്ത്രിമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ | |
| 2 | സംസ്ഥാനതല നേതൃത്വ ബോധവൽക്കരണ പരിശീലന പരിപാടി (വെർച്ചൽ കോൺഫറൻസ്) | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ | വിവിധ വകുപ്പ് മേധാവികൾ, മിഷൻ ഡയറക്ടർമാർ, ജില്ലാ മേധാവികൾ | 2020 ഏപ്രിൽ ആദ്യവാരം |

| | | | | |
|---|---|---|---|---|
| 3 | മാധ്യമ പ്രവർത്തകർക്കായുള്ള ശില്പശാല | ആരോഗ്യവകുപ്പ്, പി.ആർ.ഡി | മാധ്യമ പ്രവർത്തകർ | 2020 ഏപ്രിൽ 7 ന് മുമ്പ് |
| 4 | ജില്ലാതല നേതൃത്വ ബോധവൽക്കരണ പരിശീലന പരിപാടി | ജില്ലയുടെ ചുമതലയുള്ള ബഹു.മന്ത്രി, എം.പി., എം.എൽ.എ മാർ, ആരോഗ്യം, പഞ്ചായത്ത്, നഗരകാര്യം, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ജില്ലാ മേധാവികൾ | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, ജില്ലാ പ്രോഗ്രാം മാനേജർ ആരോഗ്യകേരളം | 2020 ഏപ്രിൽ 8 ന് മുമ്പ് |
| 5 | നഗരസഭാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്തല നേതൃത്വ ബോധവൽക്കരണ പരിശീലന പരിപാടി | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ ,ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ, കില | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ശുചിത്വ സ്ക്വാഡ്/ ആരോഗ്യ സേന, ഹരിതകർമ്മസേന, കുടുംബശ്രീ, ബന്ധപ്പെട്ട മിഷനുകളുടേയും, വകുപ്പുകളുടേയും ഉദ്യോഗസ്ഥർ, സി.ഡി.പി.ഒ മാർ, റിസോഴ്സ് പേഴ്സൺമാർ | 2020 ഏപ്രിൽ 10 മുതൽ |
| 6 | ആരോഗ്യ സ്ഥാപന /ആശുപത്രി ശുചീകരണം | ആരോഗ്യ സ്ഥാപന/ആശുപത്രി മേധാവികൾ | ജീവനക്കാർ | 2020 ഏപ്രിൽ 11 മുതൽ |
| 7 | ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം, രോഗ പ്രതിരോധ അവസ്ഥാ നിർണ്ണയം | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ് | ബഹു.മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ | 2020 ഏപ്രിൽ 11 മുതൽ 15 വരെ |
| 8 | തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രത്യേക യോഗം | പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ | ഭരണസമിതി അംഗങ്ങൾ | 2020 ഏപ്രിൽ 16 (ദേശീയ ഡെങ്കിപ്പനി ദിനാചരണം) |
| 9 | പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും (ആരോഗ്യ ജാഗ്രതാ ഗ്രാമസഭ) | പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ | 2020 ഏപ്രിൽ 16 മുതൽ |

| | | | | |
|---|---|---|---|---|
| 10 | മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവ ശുചീകരിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനം നടത്തണം. | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ആരോഗ്യ വകുപ്പ് | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ | 2020 ഏപ്രിൽ 17 |
| 11 | ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും ശുചിത്വ മാപ്പിംഗിന് വേണ്ടിയുള്ള വാർഡ് ലെവൽ മൈക്രോ പ്ലാൻ തയ്യാറാക്കൽ | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന,, ഹരിതകർമ്മസേന,ഹരിത കേരളം/ ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺമാർ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2020 ഏപ്രിൽ 18 മുതൽ |
| 12 | ശുചിത്വ മാപ്പിംഗ് | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമ്മസേന, ഹരിത കേരളം, ശുചിത്വ മിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2020 ഏപ്രിൽ 19- 21 |
| 13 | ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും അയൽക്കൂട്ട യോഗങ്ങളും വാർഡ്തല മാതൃകാ പ്ലാൻ തയ്യാറാക്കലും | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | അയൽക്കൂട്ടങ്ങൾ, വാർഡ്തല കർമ്മസമിതി അംഗങ്ങൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ | 2020 ഏപ്രിൽ 21- 23 |
| 14 | വാർഡ്തല മാതൃക പ്ലാൻ പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നു | ആരോഗ്യ-ശുചിത്വ പോഷണ സമിതി | ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി | 2020 ഏപ്രിൽ 23 |
| 15 | വാർഡ്തല മാതൃക പ്ലാൻ പഞ്ചായത്ത് സമിതി അംഗീകരിക്കുന്നു | ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി | ഭരണസമിതി അംഗങ്ങൾ സെക്രട്ടറി | 2020 ഏപ്രിൽ 25 ന് മുമ്പ് |
| 16 | വാർഡ്തല ആരോഗ്യ ജാഗ്രതാ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക/ സ്ഥാപന/പൊതു തലങ്ങളിൽ നടപ്പിലാക്കുന്നു | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമ്മസേന, കുടുംബശ്രീ പ്രവർത്തകർ, മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2020 ഏപ്രിൽ 25 മുതൽ |

| | | | | |
|---|---|---|---|---|
| 17 | രോഗ പ്രതിരോധ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ - കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രത്യേക ഇടപെടലുകൾ | കുടുംബശ്രീ മിഷൻ കുടുംബശ്രീ | അയൽക്കൂട്ട അംഗങ്ങൾ | 2020 ഏപ്രിൽ 25 മുതൽ |
| 18 | എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ | ജനപ്രതിനിധികൾ, സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ | 2020 ഏപ്രിൽ 25 മുതൽ |
| 19 | "ഹരിത നിയമങ്ങളും കുട്ടികളും" സൗഹൃദോത്സവം കാമ്പയിൻ (ജാഗ്രതോത്സവം രണ്ടാം ഘട്ടം) | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കില, കുടുംബശ്രീ | കുട്ടികൾ, ആരോഗ്യവകുപ്പ്, കുടുംബശ്രീ, ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കില | 2020 ഏപ്രിൽ മുതൽ മെയ് 25 വരെ |
| 20 | ആരോഗ്യ ജാഗ്രത ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഇടപെടലുകൾ, സർക്കാർ /അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, ഉത്സവങ്ങളിലും, പൊതുപരിപാടികളിലും, ഭവനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ, മാർക്കറ്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയിൽ പ്രത്യേക ഇടപെടലുകൾ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ | അയൽക്കൂട്ട വാർഡ്തല കർമ്മസമിതി അംഗങ്ങൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ | 2020 ഏപ്രിൽ 25 മുതൽ |
| 21 | വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമ്മസേന, ശുചീകരണ ജീവനക്കാർ, കുടുംബശ്രീ, പൊതുജനങ്ങൾ | 2020 ഏപ്രിൽ 25 മുതൽ |

| | | | | |
|---|---|---|---|---|
| | ശുചീകരണം | വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ | തുടങ്ങിയവർ | |
| 22 | തുടർന്ന് ആഴ്ചയിലൊരിക്കൽ ആരോഗ്യ ജാഗ്രതാ ദിനാചരണം - ഡ്രൈ ഡേ - വെള്ളിയാഴ്ച സ്കൂളുകളിൽ, ശനിയാഴ്ച ഓഫീസുകളിൽ, ഞായറാഴ്ച വീടുകളിലും പൊതു സ്ഥലങ്ങളിലും | അദ്ധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, സ്ഥാപന മേധാവികൾ, പൊതുജനങ്ങൾ | അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സ്ഥാപന മേധാവികൾ, പൊതുജനങ്ങൾ | 2020 ഏപ്രിൽ 25 മുതൽ |
| 23 | കഴിഞ്ഞ കാലങ്ങളിൽ ഡെങ്കി/ മലമ്പനി ബാധിത പ്രദേശങ്ങളിൽ / കൊതുക് സാന്ദ്രത കൂടിയ സ്ഥലങ്ങൾ / മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൊതുകുകൾ പെരുകുന്നതിന് എതിരെ പ്രത്യേകം ഇടപെടലുകൾ - ജലക്ഷാമമുള്ള സ്ഥലങ്ങളിൽ ജലം സുരക്ഷിതമായി അടച്ച് വയ്ക്കുവാനുള്ള നിർദ്ദേശം | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിത കർമ്മസേന, ഹരിത കേരളം, ശുചിത്വ മിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | 2020 ഏപ്രിൽ 26 മുതൽ |
| 24 | എല്ലാ വീടുകളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമ്മസേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2020 ഏപ്രിൽ 26 മുതൽ |
| 25 | നഗരസഭകൾക്കുവേണ്ടി പ്രത്യേക പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ | ആരോഗ്യ വകുപ്പ് / നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, | 2020 ഏപ്രിൽ മുതൽ |

| | | | | |
|---|---|---|---|---|
| | | | ഹരിതകർമ്മ സേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | |
| 26 | തുടർന്ന് പകർച്ചവ്യാധി ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നഗര/ഗ്രാമ പ്രദേശങ്ങളിൽ | തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, ആരോഗ്യവകുപ്പ്/ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ | ആരോഗ്യ വകുപ്പ് / നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമ്മ സേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | 2020 ഏപ്രിൽ 26 മുതൽ |
| 27 | പ്രവർത്തന തുടർച്ച | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ഇതര വകുപ്പുകൾ, ബന്ധപ്പെട്ട മിഷനുകൾ | | 2020 ഏപ്രിൽ 26 മുതൽ ഡിസംബർ 31 വരെ |

**8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ**

- മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യത്തിനായി വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തന പരിപാടി തയ്യാറാക്കുക.
- ഉറവിട മാലിന്യ സംസ്കരണവും, സംയോജിത മാലിന്യ സംസ്കരണ പദ്ധതികളും തയ്യാറാക്കൽ.
- ഒറ്റത്തവണ ഉപയോഗിച്ച പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ച സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ റെയിഡ് നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കണം.
- റോഡുകൾ, ഓടകൾ, തോട്, കുളം, കിണർ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ, വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- കുറ്റിച്ചെടിയും, കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങളും മറ്റും നീക്കം ചെയ്യൽ
- കൊതുക്, എലി, മറ്റ് മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകുന്ന രോഗങ്ങളെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ
- കൊതുക് പെരുകാൻ സാഹചര്യം ഉള്ള സ്ഥലങ്ങൾ കണ്ടെത്തലും പ്രതിവിധികളും
- പൊതു സ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചിത്വ ആരോഗ്യ പ്രവർത്തന നിരീക്ഷണം, നിയന്ത്രണം
- ഹോട്ട് സ്പോട്ടുകൾ (പകർച്ചവ്യാധി പടർന്ന് പിടിയ്ക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ) നിശ്ചയിക്കൽ
- സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലം ശുചിത്വമുള്ളതാണെന്നും അതിൽ കൊതുക് പെരുകുന്നില്ല എന്നും ഉറപ്പാക്കൽ.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി
- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

- ആരോഗ്യ സ്ഥാപനങ്ങളിൽ പകർച്ചവ്യാധികൾക്കുള്ള ചികിത്സാ സൗകര്യങ്ങളും ഔഷധ ലഭ്യതയും ഉറപ്പാക്കൽ
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം (മാനവ ശേഷി, സാധന സാമഗ്രികൾ, ഫണ്ട് മുതലായവ) ആരോഗ്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ (ഖണ്ഡിക 6.5 കാണുക) - സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധനയും വിലയിരുത്തലും നടത്തി മികച്ചവ കണ്ടെത്തി പുരസ്കാരം നൽകുക. പൊതു പരിപാടികൾ, ആഘോഷങ്ങൾ, വിവാഹങ്ങൾ, ഉത്സവങ്ങൾ എന്നിവയും ഗ്രീൻ പ്രോട്ടോക്കോൾ പരിധിയിൽ കൊണ്ടുവരിക. ഇതനുസരിച്ച് എല്ലാ പഞ്ചായത്ത്/നഗരസഭാ പ്രദേശത്തെയും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ പാലനം പരിശോധിച്ച് മികച്ച നിലവാരമുള്ളതിന് പ്രോത്സാഹന സമ്മാനവും ഇനിയും പാലിക്കാത്തവർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കി നൽകേണ്ടതാണ്. ഗ്രീൻപ്രോട്ടോക്കോൾ എന്നത് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന ഒരു പ്രക്രിയ കൂടിയാണ്.
- ശുചിത്വ സ്ക്വാഡുകൾ ശുചിത്വ മാപ്പിംഗിലൂടെ കണ്ടെത്തിയ കാടുകയറി കിടക്കുന്ന പറമ്പുകൾ വൃത്തിയാക്കാൻ ഉടമയോട് ആവശ്യപ്പെടുകയും ഉടമ സ്ഥലത്തില്ലാതിരിക്കുകയോ നടപടി എടുക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പറമ്പ് വൃത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും അതിനായി വരുന്ന ചെലവ് ഉടമയിൽനിന്ന് ഈടാക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്കായിരിക്കും. (കേരള മുനിസിപ്പാലിറ്റി നിയമം 427, കേരള പഞ്ചായത്തീരാജ് ആക്ട് 239). ഇത്തരം വീടുകളിലെ ടെറസ്, സൺഷേഡ് മുതലായവയിലും ടോയ്ലറ്റ് സീലുകളിലും കൊതുക് മുട്ടയിടുന്ന സാഹചര്യം ഒഴിവാക്കണം. ആവർത്തിച്ച് പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടേയും വീടുകളുടേയും വിവരങ്ങൾ പൊതുജന മധ്യത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുതല ശുചിത്വ സമിതികളും ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ മാസ്റ്റർ റോൾ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.
- ബദൽ ഉല്പന്നങ്ങളുടെ പ്രദർശനവും വില്പനയും കുടുംബശ്രീ മുഖേന നടത്തുക
- എല്ലാ തദ്ദേശസ്ഥാപനതലത്തിലും സ്ഥിരം സ്വാപ്പ് ഷോപ്പുകൾ കുടുംബശ്രീ മുഖേന തുടങ്ങുക.

**9. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പൊതു നിർദ്ദേശം**

സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല പകർച്ചവ്യാധി പ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിക്കുന്നതുമാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ യഥാസമയം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽനിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

## 10. സാമ്പത്തിക വിശകലനം

### 10.1 ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- ഫണ്ട് വിവിധ സ്രോതസുകളിൽ നിന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുൻസിപ്പൽ കോർപ്പറേഷനുകൾ ലഭ്യമാക്കുന്നു.
- ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക: **രൂ.25000 X** പഞ്ചായത്തിലെ/നഗരസഭയിലെ വാർഡുകളുടെ എണ്ണം. മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് **രൂ.35000 X** വാർഡുകളുടെ എണ്ണം
- ഓരോ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി വാർഡിനും **25000/-** രൂപയിൽ അധികരിക്കാത്ത തുക, വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകതയനുസരിച്ച്, ഗ്രാമപഞ്ചായത്തിന്/ നഗരസഭയ്ക്ക് ചെലവഴിക്കാവുന്നതാണ്. കോർപ്പറേഷനുകൾക്ക് ഒരു വാർഡിന് **രൂ.35000/-** വരെയും ചെലവഴിക്കാവുന്നതാണ്.
- വാർഡൊന്നിന് ലഭിക്കാവുന്ന തുക : ശുചിത്വമിഷൻ വിഹിതം - ഗ്രാമപഞ്ചായത്ത്/ നഗരസഭ **10,000/- രൂപ,** കോർപ്പറേഷൻ വാർഡിന് **20000/- രൂപ,** എൻ.എച്ച്.എം. വിഹിതം- **10,000/- രൂപ,** തനത് ഫണ്ട് - **5,000/- രൂപ**
- ശുചിത്വമിഷന്റെ വിഹിതമായ **10,000/-രൂപ** സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ (കോർപ്പറേഷനുകൾക്ക് **20000/- രൂപ**) കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതുതട്ടിക്കഴിച്ച ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന എൻ.എച്ച്.എം വിഹിതത്തിനും, തദ്ദേശ സ്വയംഭരണ വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു
- ശുചിത്വമിഷനിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ലഭിച്ച മുൻകൂർ തുക ഉൾപ്പെടെയുള്ള തുകകളുടെ ധനവിനിയോഗ സർട്ടീഫിക്കറ്റ് (നൽകാത്ത ഗ്രാമ/ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ജില്ലാ ശുചിത്വമിഷന് നൽകേണ്ടതാണ്.
- 2019 പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ ധനവിനിയോഗ സർട്ടീഫിക്കറ്റ് **2020 മാർച്ച് 31 ന് മുമ്പ്** ജില്ലാ ശുചിത്വമിഷനെ ഏൽപ്പിക്കേണ്ടതാണ്.
- വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ് തല പ്രവർത്തന രേഖ തയ്യാറാക്കണം
- വാർഡ്തല ശുചിത്വസമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും, അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.
- പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.

- ഇക്കാര്യത്തിലേയ്ക്ക് ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാട്ടുള്ളതല്ല. ആയതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്കായിരിക്കും.
- വാർഡ്തല ശുചിത്വ സമിതികൾക്കായി ലഭ്യമാകുന്ന തുക ഉപയോഗിച്ച് അജൈവമാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിനുള്ള വാഹന വാടക നല്കാവുന്നതാണ്.

**10.2 ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച ചെലവുകൾ**

- സംസ്ഥാന/ജില്ലാ/ബ്ലോക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെ പരിശീലനങ്ങൾക്കുൾപ്പെടെയുള്ള ചെലവ്, ഫണ്ട് ലഭ്യത അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തനത് ഫണ്ട്/ഹരിതകേരളം മിഷൻ/ ശുചിത്വമിഷൻ/ ആരോഗ്യവകുപ്പ്/ കില ചെലവഴിക്കേണ്ടതാണ്.
- ഹരിത നിയമങ്ങളും കുട്ടികളും (**"പെൻസിൽ"** കുട്ടികളുടെ അവധിക്കാല ക്യാമ്പ്)- വാർഡ്തല നടത്തിപ്പ് ചെലവ് കുടുംബശ്രീ വഹിക്കേണ്ടതാണ്. (ഇതിലേയ്ക്കായി ആവശ്യമുള്ള പക്ഷം ക്യാമ്പ് ഒന്നിന് പരമാവധി **2000/- രൂപ** വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷനിൽ നിന്നും അനുവദിക്കുന്ന മഴക്കാല പൂർവ്വ ശുചീകരണ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്).

**11 ഇൻസ്പെക്ഷൻ ടീം**

ഗ്രാമപഞ്ചായത്ത് നഗരസഭാതല പ്രവർത്തനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ജില്ലാതല ഉദ്യോഗസ്ഥന്മാർക്കും യഥാക്രമം ചുമതല നൽകി ജില്ലാ കളക്ടർമാർ ഉത്തരവ് ഇറക്കേണ്ടതാണ്. ഇതിന്റെ ഏകോപന ചുമതല ഹരിതകേരളം/ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർമാർക്കായിരിക്കും.

**12. വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ**

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്നതിന് ഓരോ വകുപ്പിനും തങ്ങളുടേതായ പങ്ക് വഹിക്കാനുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ ഉത്തരവാദിത്വത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ സൂചന **അനുബന്ധം-2** ആയി ചേർത്തിട്ടുണ്ട്. നൽകിയിട്ടുള്ള സൂചനയെ അടിസ്ഥാനപ്പെടുത്തി വിശദാംശങ്ങൾ സഹിതം കർമ്മപരിപാടി തയ്യാറാക്കി ചുമതലയും നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ അതാത് വകുപ്പ് തലവൻമാർ പുറപ്പെടുവിക്കേണ്ടതുണ്ട്. അതാത് തലങ്ങളിൽ മോണിട്ടറിംഗ് ഉത്തരവാദിത്വവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണം.

**13. മോണിറ്ററിംഗ്**

വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും അവലോകന സമിതിയുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽ ചേരണം. ജില്ലാതല കോർകമ്മിറ്റി യോഗം 15 ദിവസത്തിലൊരിക്കൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ജില്ലാ വികസന സമിതിയും, ജില്ലാ ആസൂത്രണ സമിതിയും ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

**ആർ എസ് കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരള മിഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവന്തപുരം.
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

ആരോഗ്യവകുപ്പ് ഡയറക്ടർ.
ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം.
ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.
ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്.
ചിഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
ആയുഷ് വകുപ്പ്.
ആഭ്യന്തര വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
കൃഷി വകുപ്പ്.
സാമൂഹ്യനീതി വകുപ്പ്.
മൃഗസംരക്ഷണ ക്ഷീരവികസനവും വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ജലവിഭവ വകുപ്പ്.
തൊഴിലും നൈപുണ്യവും വകുപ്പ്.
മത്സ്യബന്ധന തുറമുഖ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
(സർക്കാർ വെബ് സെറ്റിൽ പ്രസിദ്ധീകരിക്കുനനതിന്)
വിവരപൊതുജനസമ്പർക്ക (വൈബ് & ന്യൂ മീഡിയ) വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ (പി.എസ്)ന്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ (പി.എസ്)ന്
തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

അനുബന്ധം - 1

**ആരോഗ്യ ജാഗ്രതാ മൈക്രോപ്ലാൻ**

വീട്ടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, മാർക്കറ്റുകൾ, മറ്റ് പൊതു ഇടങ്ങൾ എന്നിവ സന്ദർശനം നടത്തി കൊതുകുകളുടെ ഉറവിട നശീകരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുക എന്നതാണ് ഈ യജ്ഞത്തിന്റെ പ്രധാന ഘടകങ്ങൾ, ജനകീയ പങ്കാളിത്തത്തോടും കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെയുമാണ് ഇത് സാധ്യമാക്കേണ്ടത്.

മൈക്രോ പ്ലാൻ തയ്യാറാക്കുന്നതും തുടർന്നുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

**I. മുന്നൊരുക്കം**

മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനും പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ശരിയായ മുന്നൊരുക്കം ആവശ്യമാണ്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന എല്ലാവർക്കും ആവശ്യമായ പരിശീലനവും ബോധവൽക്കരണവും നൽകേണ്ടതാണ്.

**i. ജനപ്രതിനിധികൾ**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ബന്ധപ്പെട്ട ഭരണസമിതികളാണ്. ആയതിനാൽ ഭരണസമിതി അംഗങ്ങളെ ശാക്തീകരിക്കേണ്ടത് ആവശ്യമാണ്. മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും പ്രവർത്തനങ്ങൾ നടത്തേണ്ട രീതി, ജനപ്രതിനിധികളുടെ നേതൃത്വപരമായ പങ്ക്, കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ജനപ്രതിനിധികളെ ബോധ്യപ്പെടുത്തുന്നതിനായി ഫെബ്രുവരി രണ്ടാം പകുതിയിൽ ഒരു പരിശീലനം നൽകേണ്ടതാണ്. ആയത് ആരോഗ്യ വകുപ്പിലെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാർ തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾക്ക് നൽകേണ്ടതാണ്.

**ii. തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ/സി.ഡി.എസ്./എ.ഡി.എസ്./ ഭാരവാഹികൾ/ ആശാ പ്രവർത്തകർ/പരിശീലകർ**

രണ്ടാം ഘട്ടത്തിൽ ഉദ്യോഗസ്ഥർക്കും കുടുംബശ്രീ ഭാരവാഹികൾക്കും പരിശീലകർക്കും ബോധവൽക്കരണം നൽകേണ്ടതാണ്. ആയത് പരിശീലനം ലഭിച്ച ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ നൽകേണ്ടതാണ്. കൂടാതെ വോളന്റിയർമാർക്ക് പരിശീലനം നൽകുന്ന പരിശീലകർക്കും ഈ ഘട്ടത്തിൽ പരിശീലനം നൽകേണ്ടതാണ്.

**iii വോളന്റിയേഴ്സ്**

സന്ദർശനം നടത്തുന്ന/മാപ്പ് തയ്യാറാക്കുന്ന വോളന്റിയേഴ്സിന് അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടതാണ്.

**iv. സ്റ്റേക്ക് ഹോൾഡേഴ്സ്**

വിവിധ സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, വിദ്യാർത്ഥികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഈ പരിപാടിയുടെ ഭാഗമാക്കേണ്ടതാണ്. ആയതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ബോധവൽക്കരണ പരിപാടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ നേതൃത്വം നൽകേണ്ടതാണ്. കൂടാതെ വിവിധ തലത്തിലുള്ള ബോധവത്ക്കരണ-തീവ്ര വിവര-വിജ്ഞാന വ്യാപന പരിപാടികൾ (തദ്ദേശ പത്രങ്ങൾ, ചാനലുകൾ, തീയേറ്ററുകളിൽ സ്ലൈഡുകൾ തുടങ്ങിയവ) ആസൂത്രണം ചെയ്യേണ്ടതാണ്.

**II. മാപ്പ് തയ്യാറാക്കലും / സന്ദർശന പ്രവർത്തനങ്ങളും**

രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാന ഘട്ടമാണ് ആസൂത്രണത്തിന്റെ ഭാഗമായ മാപ്പ് തയ്യാറാക്കലും ഫീൽഡ് സന്ദർശനവും.

**മാപ്പ് തയ്യാറാക്കൽ**

ഓരോ വാർഡിനേയും 25-50 വീട്ടുകൾ അടങ്ങുന്ന പ്രത്യേക ക്ലസ്റ്ററുകളായി തിരിക്കേണ്ടതാണ്. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1 തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ്തല മാപ്പ് കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതാണ്.

2 വാർഡ്തല മാപ്പുകൾ ലഭ്യമാക്കിയാൽ ജനപ്രതിനിധികളുടേയും വാർഡ്തല ശുചിത്വ സമിതിയുടേയും സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ, എ.ഡി.എസ്. ഭാരവാഹികൾ, പ്രദേശത്തെ പ്രധാന വ്യക്തികൾ എന്നിവർ ചേർന്ന് വാർഡിനെ ക്ലസ്റ്ററുകളായി തിരിക്കുക.

3. ക്ലസ്റ്ററുകളായി തിരിക്കുമ്പോൾ ഭൂമിശാസ്ത്രപരമായ കിടപ്പ്, റോഡുകൾ, മറ്റ് പ്രാദേശിക ഘടകങ്ങൾ എന്നിവ പരിഗണിച്ച് ശരാശരി 25-50 ഭവനങ്ങൾ വരുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

4. ക്ലസ്റ്ററുകളായി തിരിച്ചുകഴിഞ്ഞാൽ അതിൽ ഓരോ വീടും മാപ്പ് ചെയ്യേണ്ടതും ആയതിന് നമ്പർ നൽകേണ്ടതും, റോഡുകൾ, ലാൻഡ്മാർക്കുകൾ, പൊതു സ്ഥലങ്ങൾ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ എന്നിവ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതുമാണ്. വീടുകൾക്ക് നമ്പർ നൽകുമ്പോൾ ആദ്യം പ്രവേശിക്കുന്ന ഭവനത്തിന് ബി1 എന്ന് നൽകി. അവസാന ഭവനത്തിന് അവസാന നമ്പർ (ഉദാ- ബി25/ബി50) എന്നും ഉടമസ്ഥന്റെ പേര് അടങ്ങിയ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ വാർഡും ക്ലസ്റ്ററുകളായി തിരിച്ച് മാപ്പ് തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ മാപ്പുകൾ സമയബന്ധിതമായി തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിയാണ്.

**വോളന്റിയർമാർ**

25/50 വീടുകൾ അടങ്ങുന്ന ഒരു ക്ലസ്റ്ററിൽ കുറഞ്ഞത് മൂന്ന് വോളന്റിയർമാരെങ്കിലും ഉണ്ടായിരിക്കണം. വോളന്റിയർമാരെ തിരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്.

1 ഒരു ക്ലസ്റ്ററിന് കുറഞ്ഞത് മൂന്ന് വോളന്റിയർമാരെയെങ്കിലും തിരഞ്ഞെടുക്കേണ്ടതും അതിൽ പുരുഷ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുമാണ്.

2 തദ്ദേശീയരായ (ക്ലസ്റ്ററിൽ ഉൾപ്പെട്ട) കുടുംബശ്രീ/ആശ പ്രവർത്തകർ/ ആരോഗ്യ സേന/ഹരിത സേന/ റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ / മറ്റ് സന്നദ്ധ പ്രവർത്തകരെയാണ് നിയമിക്കേണ്ടത്.

3. ടീം ആയിട്ട് വേണം സന്ദർശനം നടത്തേണ്ടത്.

4. ആവശ്യമായ പരിശീലനം വോളന്റിയേഴ്സിന് ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**ഫീൽഡ്തല പരിശോധന**

തദ്ദേശ സ്വയംഭരണ പ്രദേശത്തെ എല്ലാ ഭവനങ്ങൾ / സ്ഥാപനങ്ങൾ / പൊതു ഇടങ്ങൾ/ തോട്ടങ്ങൾ / മാർക്കറ്റുകൾ തുടങ്ങിയവ നിശ്ചിത സമയക്രമങ്ങളിൽ ഇതിനായി ചുമതലപ്പെ ടുത്തുന്ന വോളന്റിയേഴ്സ് പരിശോധിക്കേണ്ടതും നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

- ആദ്യ സന്ദർശനത്തിന് മുമ്പ് മാപ്പും, മൈക്രോപ്ലാനും ഉണ്ടാക്കുകയും സന്ദർശിക്കേണ്ട 25/50 വീടുകൾ/പ്ലോട്ടുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം.
- സ്ഥാപനങ്ങൾ (സർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾ) സന്ദർശിച്ച് ശുചീകരണ ബോധവൽക്കരണം നൽകുക.
- ആഴ്ചയിൽ ഒരു ദിവസം ആരോഗ്യ ജാഗ്രതാ ദിനം ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.
- കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടുപിടിച്ച് വീട്ടുകാരെ /സ്ഥാപനത്തിലുള്ളവരെ കൊണ്ട് അവ നശിപ്പിക്കുക.
- പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക
- കുടിവെള്ള ലഭ്യത പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
- പാത്രങ്ങളിലും ടാങ്കുകളിലും ജലം സംഭരിച്ച് സൂക്ഷിക്കുമ്പോൾ അവ കൊതുക് കടക്കാത്തവിധം കൃത്യമായി അടച്ച് സൂക്ഷിക്കാനും ആഴ്ചയിലൊരിക്കൽ ജലം നീക്കം ചെയ്ത് ഉൾവശം ഉരച്ച് കഴുകി ഉണക്കിയ ശേഷം വീണ്ടും ജലം നിറയ്ക്കാനായി ബോധ്യപ്പെടുത്തുക.
- ശുചിത്വ മാപ്പിംഗ് നടത്തുക, റിപ്പോർട്ട് തയ്യാറാക്കുക.
- പകർച്ചവ്യാധി ബോധവൽക്കരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.
- ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്ന ആരോഗ്യ പ്രവർത്തകർ ആഴ്ചയിലൊരിക്കൽ പ്രവർത്തന പുരോഗതി വിലയിരുത്തുക
- ഉറവിട മാലിന്യ സംസ്കരണ രീതികൾ പ്രചരിപ്പിക്കുക. കമ്പോസ്റ്റിംഗ്/ബയോഗ്യാസ് ഉപാധികൾ സ്ഥാപിക്കുന്നതിന് പ്രേരിപ്പിക്കുക.

- മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും മാരക രോഗങ്ങൾക്ക് കാരണമാകുമെന്ന സന്ദേശം നൽകുക.
- നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നിടങ്ങൾ സന്ദർശിച്ച് ഈച്ച, കൊതുക്, എലി തുടങ്ങിയവ പെരുകാനുള്ള സാഹചര്യങ്ങൾ പരിശോധിക്കുക
- തോട്ടം മേഖലകൾ/ തീരദേശ മേഖലകൾ/ആദിവാസി മേഖലകൾ/ചേരികൾ/ ആക്രിക്കടകൾ/ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ മറ്റ് കൊതുക് പ്രജനന സാധ്യത കൂടിയ സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് ഉറവിട നശീകരണം ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.
- ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നിരോധിച്ച സാഹചര്യത്തിൽ ബദൽ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിനു പ്രേരണ നൽകുകയും ഓരോ വീട്ടുകളിലും തുണി സഞ്ചി വിതരണം ചെയ്യുകയും ചെയ്യുക.
- വിവിധ ആരോഗ്യ ശുചിത്വ ക്യാമ്പയിനുകൾ നിശ്ചിത തീയതികളിൽ ജനപങ്കാളിത്തത്തോടെ നടത്തുക ഓരോ സ്ഥലവും സന്ദർശിക്കുമ്പോൾ നിശ്ചിത രജിസ്റ്ററിൽ സന്ദർശന വിവരം രേഖപ്പെടുത്തേണ്ടതാണ്
- ഓരോ തവണ പരിശോധന നടത്തുമ്പോഴും നിശ്ചിത ഫാറത്തിൽ പൂരിപ്പിക്കേണ്ടതും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതുമാണ്.

**III . മോണിറ്ററിംഗ്**

- സമയബന്ധിതമായി എല്ലാ ഭവനങ്ങൾ /സ്ഥാപനങ്ങൾ / പൊതു ഇടങ്ങൾ / തോട്ടങ്ങൾ / മാർക്കറ്റുകൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ മാപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിൽ ഒന്നുപോലും വിട്ടുപോയിട്ടില്ലായെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.
- മാപ്പിൽ രേഖപ്പെടുത്തിയ എല്ലായിടങ്ങളും സന്ദർശിച്ച് പരിശോധന നടത്തിയതെന്നും ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തിയെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വാർഡ് തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്. കമ്മിറ്റിയുടെ ഘടന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്. കൂടാതെ നിലവിലുള്ള ആരോഗ്യ ശുചിത്വ പോഷണ സമിതിയെ ഇതിനായി ചുമതലപ്പെടുത്താവുന്നതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മാസത്തിലൊരിക്കൽ ഈ പ്രവർത്തനങ്ങൾ അദ്ധ്യക്ഷൻ, ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന സമിതി അവലോകനം ചെയ്യേണ്ടതാണ്.

**മോണിറ്ററിംഗിനായി താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്**

1 ഓരോ വാർഡിന്റേയും ചുമതല ഒരു ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

2 ശരാശരി 10 വാർഡുകളുടെ സൂപ്പർവിഷന്റെ ചുമതല ഒരു ഉയർന്ന ഉദ്യോഗസ്ഥനാണ് നൽകേണ്ടത്

3. ഭവനങ്ങൾ/സ്ഥാപനങ്ങൾ/പൊതു ഇടങ്ങൾ/തോട്ടങ്ങൾ/മാർക്കറ്റുകൾ തുടങ്ങിയവ സന്ദർശനം നടത്തി പൂരിപ്പിച്ച ഫാറങ്ങൾ ശേഖരിച്ച് ശരിയായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക, ഒരു സ്ഥലവും വിട്ടുപോയിട്ടില്ലായെന്ന് ഉറപ്പാക്കുക എന്നിവ മുകളിൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്.

4. പൂരിപ്പിച്ച ഫാറങ്ങൾ, ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതും അവർ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**പൊതു സ്ഥലങ്ങൾ**

വോളന്റിയേഴ്സ് ടീം റിപ്പോർട്ട് ചെയ്ത ഒഴിഞ്ഞു കിടക്കുന്ന വീട്ടുകൾ, പൊതു സ്ഥലങ്ങൾ, തോട്ടങ്ങൾ, പറമ്പുകൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉദ്യോഗസ്ഥർ പ്രത്യേക പരിശോധന നടത്തേണ്ടതാണ്. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ, മാലിന്യം കൂട്ടിയിട്ടിരിക്കുന്ന സ്ഥലങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഡോക്യുമെന്റേഷൻ**

യജ്ഞത്തിന്റെ ഭാഗമായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളുടേയും ഫോട്ടോകൾ ഉൾപ്പെടുത്തിയ റിപ്പോർട്ടുകൾ വാർഡ് തലത്തിൽ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.

**അനുബന്ധം - 2**

**തദ്ദേശ സ്വയംഭരണ വകുപ്പ്**

- പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വാർഡ്തല/തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകനം.
- ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾക്കാവശ്യമായ ശുചിത്വമിഷൻ ഫണ്ട് സമയബന്ധിതമായി ശുചിത്വമിഷന് അനുവദിച്ച് നൽകുക.
- ഗ്രാമവികസനം, നഗര വികസനം, പഞ്ചായത്ത്, ആരോഗ്യം, ശുചിത്വമിഷൻ, കുടുംബശ്രീ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളുടെ യോഗം വിളിച്ച ചേർത്ത് പ്രവർത്തന പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്തുക.
- ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തും, നഗരസഭാ സെക്രട്ടറിമാരുടെ യോഗം റീജിയണൽ ജോയിന്റ് ഡയറക്ടറും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ജില്ലയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ യോഗം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും യഥാസമയം വിളിച്ചുചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അവലോകന യോഗം പഞ്ചായത്ത് ഡയറക്ടറും, റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ യോഗം നഗരകാര്യവകുപ്പ് ഡയറക്ടറും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരുടെ യോഗം ഗ്രാമ വികസന കമ്മീഷണറും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ യോഗം ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പും വിളിച്ച ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതാണ്.
- പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പൽ ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമെങ്കിൽ പ്രാബല്യത്തിൽ വരുത്തുക.
- ഫ്ളക്സ് നിരോധനം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുക.

**ആരോഗ്യ വകുപ്പ് (അലോപ്പതി, ഹോമിയോ, ആയുർവേദമടക്കം)**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും വേണ്ട സാങ്കേതിക ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ നേതൃത്വം നൽകുക, പബ്ലിക് ഹെൽത്ത് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമെങ്കിൽ പ്രാബല്യത്തിൽ വരുത്തുക.
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ വിശകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ.
- അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗ ചികിത്സയും പരിചരണവും
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗ നിയന്ത്രണം സാധ്യമാക്കൽ.
- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനിവാർഡ്, ഔട്ട് റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ
- ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മ പരിപാടികൾ
- ആവശ്യാനുസരണം മരുന്ന്, മാനവശേഷി, ഫണ്ട് പരിശോധനാ കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം, പ്രതിവാര ഡ്രൈ ഡേ ഒബ്സ ർവേഷൻ തുടങ്ങിയവയ്ക്ക് ഇതര വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.

- ➢ ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
- ➢ തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
- ➢ ജല ദൗർലഭ്യം ഉള്ളിടത്തു ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
- ➢ പ്രതിവാര ആരോഗ്യ ജാഗ്രതാ ഒബ്സ ർവേഷൻ
- ➢ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിപാടികൾ, മത്സരങ്ങൾ
- ➢ മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ
- ➢ നിപ്പാ വൈറസ് വ്യാപനം തടയുന്നതിനുള്ള നിതാന്ത ജാഗ്രത

- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം - വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗ നിയന്ത്രണ/അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും ജന പ്രതിനിധികൾക്കും മറ്റുള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക, അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദാ: കൈപ്പുസ്തകം.
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ.
- സർക്കാർ/സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ എല്ലാ വീടുകളിലും കമ്പോസ്റ്റിംഗ് ഉറപ്പാക്കണമെന്നും പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും കത്തിക്കുമ്പോഴുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിക്കുന്ന സന്ദേശം പ്രിന്റ് ചെയ്യേണ്ടതാണ്.
- വകുപ്പ് ഡയറക്ടർമാരും ജില്ലാ മെഡിക്കൽ ഓഫീസർമാരും അതാത് തലങ്ങളിൽ യോഗം ചേർന്ന് ആരോഗ്യ ജാഗ്രതാ പ്രവർത്തന പുരോഗതി അവലോകനം ചെയ്യേണ്ടതാണ്.

**വിദ്യാഭ്യാസ വകുപ്പ്**

- ആരോഗ്യ തദ്ദേശ സ്വയംഭരണ വകുപ്പുകൾ ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ സംയുക്തമായി ആലോചിച്ച് രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിനെക്കുറിച്ച് അവബോധം നൽകുക. സ്കൂൾ തലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പുതിയ അക്കാഡമിക് വർഷത്തേയ്ക്കുള്ള പ്ലാൻ തയ്യാറാക്കുക.
- 2019 ഏപ്രിൽ മാസം ആദ്യവാരം എല്ലാ വിദ്യാലയങ്ങളിലും പി.റ്റി.എ. മീറ്റിംഗ് വിളിച്ചു ചേർത്ത് വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡ്, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് അവർ മുഖേന നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുക.
- പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ, അതാതുതല യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം.
- എല്ലാ സ്കൂളുകളിലും അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി കളക്ടേഴ്സ് @ സ്കൂൾ പദ്ധതി വ്യാപിപ്പിക്കുക. SPC, Scout & Guides, NCC എന്നിവയുടെ സേവനം ഉപയോഗിക്കുക

**കൃഷിവകുപ്പ്**

- രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീര കർഷകർക്കിടയിലും അവബോധമുണ്ടാക്കുക.

- കൃഷി ഓഫീസുകളും പാൽ സൊസൈറ്റികളും മറ്റും വഴി ജന്തുജന്യ രോഗപ്രതി രോധത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുഴി കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക, കർഷകർക്കും കുടുംബശ്രീ പ്രവർത്തകർക്കും വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ജാഗ്രതാ ദിന ആചരണം, ജൈവീക നിയന്ത്രണം തുടങ്ങിയവ നടപ്പിലാക്കാൻ സഹായിക്കുക.
- കൊതുകുകൾക്കെതിരെ കീടനാശിനികൾ തളിക്കാൻ സ്പ്രേയർ ലഭ്യമാക്കുക.
- കൃഷിത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- എലി നശീകരണം, എലിമട നിർമ്മാണം
- തൊഴിലാളികളും കർഷകരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- റബ്ബർ പ്ലാന്റേഷനുകളിലെ ചിരട്ടകളിലും ലാറ്റക്സ് കപ്പുകളിലും കൊതുകുകൾ വളരാതിരിക്കാനുള്ള നടപടി സ്വീകരിക്കുക. അടയ്ക്ക, കൈതച്ചക്ക, കാപ്പി, കൊക്കോ തുടങ്ങിയ തോട്ടങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊതുക് വളരാതിരിക്കാൻ വേണ്ട നടപടി എടുക്കുക.
- പ്രിൻസിപ്പൽ കൃഷി ഓഫീസർ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അതാത് തല യോഗം ചേർന്ന് പ്രവർത്തനാവലോകനം നടത്തണം.

**സാമൂഹ്യ നീതി വകുപ്പ്**

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ തുടങ്ങിയവരേയും വോളണ്ടിയർമാരേയും സൂപ്പർവൈസർമാരേയും നിയോഗിക്കുക
- അങ്കണവാടി പരിധിയിലെ അമ്മമാരുടെ യോഗം ചേരലും ചർച്ചയും
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക
- അങ്കണവാടി വർക്കർമാരുടെ നേതൃത്വത്തിൽ ക്ലാസുകളും, ബോധവൽക്കരണവും നടത്തുക.
- അങ്കണവാടികളിലും മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പവരുത്തുക.
- അങ്കണവാടികളിൽ സൃഷ്ടിക്കേണ്ട ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച പ്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുക.
- ജില്ലാ സാമൂഹ്യനീതി ഓഫീസർ, സി.ഡി.പി.ഒ. മാർ എന്നിവർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി അവലോകനം ചെയ്യണം.
- എല്ലാ വീടുകളിലും പ്രകൃതസൗഹൃദ തുണിസഞ്ചികൾ ഉപയോഗിക്കുന്നതിന് പ്രേരണ നൽകുക

**മൃഗസംരക്ഷണം, ക്ഷീര വികസന വകുപ്പുകൾ**

- ജന്തുജന്യ രോഗപ്രതിരോധത്തിനാവശ്യമായ ബോധവൽക്കരണം ക്ഷീര കർഷകർക്ക് പാൽ സൊസൈറ്റിയും മൃഗാശുപത്രിയും ഡിസ്പൻസറിയും ക്ഷീര സംഘങ്ങൾ വഴിയും നൽകുക.
- എലിപ്പനി നിയന്ത്രണത്തിനാവശ്യമായ പ്രാഥമിക നടപടികളെടുക്കുക
- കുരങ്ങ്, പന്നി, പക്ഷികൾ (ദേശാടന പക്ഷികൾ അടക്കം) തുടങ്ങിയവ വഴി പകരുന്ന രോഗങ്ങൾക്കെതിരെയുള്ള നിരീക്ഷണം, നടപടികൾ എടുക്കൽ എന്നിവ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തുക.
- എലികൾ, പന്നികൾ, ജലപക്ഷികൾ തുടങ്ങിയവയെ സൂക്ഷ്മ നിരീക്ഷണം നടത്തി പകർച്ചവ്യാധികൾ തടയുക
- മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും ആവശ്യമായ വാക്സിനേഷനുകളും ബോധവൽക്കരണവും ഉറപ്പാക്കുക.
- ചെക്ക് പോസ്റ്റുകളിൽ ആവശ്യ ഘട്ടങ്ങളിൽ പരിശോധന നടത്തി രോഗവാഹകരായ കന്നുകാലികൾ, പക്ഷികൾ എന്നിവ സംസ്ഥാനത്ത് വരാതിരിക്കാനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുക.

- ജില്ലാതല ഓഫീസർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തണം.
- സ്ഥാപനങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുക

**പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകൾ**

- നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ വംശവർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ഓടകൾ, കനാലുകൾ, ജലസംഭരണികൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കണം. മാലിന്യം കൊണ്ട് അടഞ്ഞുപോയ ഓടകളിലേയും, കനാലുകളിലേയും ജലസംഭരണികളിലേയും മാലിന്യം മുൻകൂറായി നീക്കുക
- കെട്ടിട നിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക
- റോഡ്/കെട്ടിട നിർമ്മാണ സാധനസാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക ഉപയോഗശേഷമുള്ളവ ശാസ്ത്രീയമായി നീക്കം ചെയ്യുക
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അതാത് തലങ്ങളിൽ യോഗം ചേർന്ന് പുരോഗതി അവലോകനം നടത്തേണ്ടതാണ്.

**ജലഅതോറിറ്റി/ജലവിഭവം വകുപ്പ്**

- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- പമ്പിംഗ് സ്റ്റേഷനുകളിലെ ഫിൽട്ടർ ബെഡ്ഡിന്റെ പ്രവർത്തനങ്ങളും ശരിയായ ക്ലോറിനേഷനും ലോഗ് ബുക്ക് മെയിൻറനൻസും ഉറപ്പ് വരുത്തുക
- ആവശ്യമായ സന്ദർഭങ്ങളിൽ (ജലജന്യരോഗങ്ങൾ ഉണ്ടാകുമ്പോഴും മറ്റും) സൂപ്പർ ക്ലോറിനേഷൻ നടത്തുക
- പമ്പിംഗ് സ്റ്റേഷൻ പരിസരങ്ങളിലെ ജലസ്രോതസ്സുകളുടെ മലിനീകരണം പൂർണ്ണമായും തടയുക. ആവശ്യമെങ്കിൽ നിയമനടപടികളെടുക്കുക
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും കുടിവെള്ളം ഓടകളുടെ സീവേജ് പൈപ്പുകളുടെ വെള്ളവുമായി കലരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യുക
- ആരോഗ്യവകുപ്പ് നൽകുന്ന ജലസാമ്പിളുകൾ സൗജന്യമായി പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുക
- കുടിവെള്ളത്തിന്റെ (പൈപ്പ് വെള്ളം, കിണർവെള്ളം തുടങ്ങിയവ) ഗുണമേന്മ പരിശോധനകൾ നടത്തുക, തുടർ നടപടികളെടുക്കുക
- വിതരണം ചെയ്യുന്ന ജലത്തിലെ ക്ലോറിൻ അളവ് വിവിധതലങ്ങളിൽ മോണിട്ടർ ചെയ്യുക
- ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക, ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുക
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഐസ്, ശീതളപാനീയങ്ങളിൽ ഉപയോഗിക്കുന്നത് നിരോധിക്കുക
- ജലസുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക
- എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് നടപടി സ്വീകരിക്കണം

**തൊഴിൽ വകുപ്പ്**

- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക
- ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പ് വരുത്തുക

- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽ മേഖലകളിലും രോഗ നിരീക്ഷണം കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുക
- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക
- ജില്ലാ ലേബർ ഓഫീസർമാർ അതാത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്

**ഫിഷറീസ് വകുപ്പ്**

- മത്സ്യഭവനുകൾ വഴിയും ഫിഷറീസ് വകുപ്പിന്റെ മറ്റ് സൗകര്യങ്ങൾ ഉപയോഗിച്ചും ഫിഷർമെൻ കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ, തീരദേശ പോലീസ് വഴിയും പകർച്ചവ്യാധികളെക്കുറിച്ച് ബോധവൽക്കരണം നൽകുക
- മത്സ്യത്തൊഴിലാളികളുടെ വീടും പരിസരവും ശുചിത്വപൂർണ്ണമാക്കാനും ശുദ്ധമായ കുടിവെള്ളം ഉപയോഗിക്കാനും കൊതുക് വളരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക
- തീരദേശമേഖലകളിൽ സാനിട്ടറി കക്കൂസുകളുടെ നിർമ്മാണവും ഉപയോഗവും വർദ്ധിപ്പിക്കുക
- തുറസ്സായ സ്ഥലങ്ങളിൽ കിടന്നുറങ്ങുന്നത് നിരുത്സാഹപ്പെടുത്തുക
- കരയ്ക്ക് കയറ്റി വച്ചിരിക്കുന്ന വള്ളത്തിൽ കൊതുക്-കൂത്താടികൾ വളരുന്നില്ലെന്ന് ഉറപ്പ് വരുത്തുക
- വെള്ളക്കെട്ടുകളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ച് കൊതുക്-കൂത്താടി നശീകരണം നടത്തുക
- മത്സ്യം വളർത്തുന്ന ടാങ്കുകളിലും പൂട്ടിക്കിടക്കുന്ന ഐസ്പ്ലാന്റുകളിലും കൊതുക് കൂത്താടികൾ വളരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക

**ശുചിത്വമിഷൻ**

- ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും നൽകേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അനുവദിച്ച് നൽകുക
- സംസ്ഥാന/ജില്ലാ/തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലന പരിപാടികൾക്ക് കിലയോടൊപ്പം ചേർന്ന് പ്രവർത്തിക്കുക
- ഗ്രീൻപ്രോട്ടോക്കോൾ പ്രചരിപ്പിക്കുക
- തീവ്ര വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ നടത്തുക
- പ്ലാസ്റ്റിക് നിരോധനം, ഫ്ളക്സ് നിരോധനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കൽ

**ഹരിതകേരളം മിഷൻ**

- ജില്ലാടിസ്ഥാനത്തിൽ ഏകോപനം
- മാലിന്യസംസ്കരണ സംവിധാനങ്ങളുടെ പുരോഗതി വിലയിരുത്തൽ
- ഹരിതനിയമ സാക്ഷരത ക്യാമ്പയിൻ
- ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച പ്രചരണ പരിപാടി
- മാലിന്യം വേർതിരിക്കൽ - ആരോഗ്യ ജാഗ്രതാ - കുട്ടികൾ വഴിയുള്ള പെൻസിൽ ക്യാമ്പയിൻ (ജാഗ്രതോത്സവം രണ്ടാം ഘട്ടം)

**ക്ലീൻകേരള കമ്പനി**

- അജൈവ മാലിന്യ ശേഖരണം, നീക്കം ചെയ്യൽ, (എം.സി.എഫിൽ നിന്നും ആർ.ആർ.എഫ് ലേയ്ക്കും, തുടർന്ന് പുന:ചംക്രമണത്തിനും), പുന:ചംക്രമണം

**കുടുംബശ്രീ മിഷൻ**

- മാലിന്യമുക്ത അയൽക്കൂട്ട കുടുംബ പരിസരം - ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുക

- അജൈവ മാലിന്യ ശേഖരണം, നീക്കം ചെയ്യൽ, (എം.സി.എഫിൽ നിന്നും ആർ.ആർ.എഫ് ലേയ്ക്കും, തുടർന്ന് പുന:ചംക്രമണത്തിനും), പുന:ചംക്രമണം

**കുടുംബശ്രീ മിഷൻ**

- മാലിന്യമുക്ത അയൽക്കൂട്ട കുടുംബ പരിസരം - ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുക
- കുടുംബശ്രീ ബാലസഭകളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സഹകരിച്ച് "ഹരിത നിയമങ്ങളും കുട്ടികളും" "പെൻസിൽ" (കുട്ടികളുടെ അവധിക്കാല ക്യാമ്പ്) എന്ന പേരിൽ ജാഗ്രതോത്സവം രണ്ടാം ഘട്ടം ക്യാമ്പയിൻ സംഘടിപ്പിക്കണം.
- ഓരോ അയൽക്കൂട്ട കുടുംബവും ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് സംഭരിച്ച് കൈമാറുന്നതിലൂടെ മാലിന്യമുക്ത പരിസരം ഉറപ്പാക്കണം.
- അയൽക്കൂട്ട ഭാരവാഹികളുടെ നേതൃത്വത്തിൽ ഓരോ വീടും സന്ദർശിച്ച് വിലയിരുത്തണം.
- എ.ഡി.എസ്സിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കമ്മിറ്റി അവരുടെ പരിധിയിൽ വരുന്ന അയൽക്കൂട്ടങ്ങൾ സന്ദർശിച്ച് ഈ പ്രവർത്തനം വിലിയിരുത്തേണ്ടതാണ്.
- കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ പകർച്ചവ്യാധികൾക്ക് സാധ്യമായ സാഹചര്യം ഒഴിവാക്കപ്പെട്ട വീടുകളായി മാറിയെന്ന് അയൽക്കൂട്ട സെക്രട്ടറിയും പ്രസിഡൻറും ഉറപ്പാക്കണം. ആയതിന് എ.ഡി.എസ്./സി.ഡി.എസ്. കമ്മിറ്റികൾ നേതൃത്വം നൽകുകയും വിലയിരുത്തുകയും ചെയ്യണം.
- എല്ലാ വീടുകളിലും തുണിസഞ്ചി വിതരണം, ബദൽ ഉല്പന്നങ്ങളുടെ പ്രദർശനവും വിൽപനയും, ബദൽ ഉല്പന്നയൂണിറ്റുകൾ അനുവദിക്കുകയും തൊഴിൽ നൽകുകയും ചെയ്യുക.

**പോലീസ് വകുപ്പ്**

- പൊതുസ്ഥലങ്ങളിൽ മാലിന്യം കത്തിക്കുന്നവരേയും, വലിച്ചെറിയുന്നവരേയും കണ്ടെത്തി നിയമപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുക (ഇൻഡ്യൻ ശിക്ഷാ നിയമസംഹിത കേരള പോലീസ് ആക്ട്, സംസ്ഥാന പോലീസ് മേധാവി 2018 ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ളത്)
- പൊതുജലാശയത്തിലോ, ജലമാർഗ്ഗത്തിലോ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക (കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെൻറ്മെന്റ് ആക്ട്, മറ്റു ശിക്ഷാനിയമങ്ങൾ പ്രകാരം)
- ബീറ്റ് പോലീസ് ഓഫീസർമാരുടെ സേവനം വാർഡുതലത്തിൽ പ്രയോജനപ്പെടുത്തൽ
- ശുചീകരണ മാലിന്യ സംസ്കരണ പരിപാടികളിൽ പോലീസിന്റെ പങ്കാളിത്തം ഉറപ്പാക്കൽ
- പ്ലാസ്റ്റിക്ക് നിരോധനം, ഫ്ളക്സ് നിരോധനം എന്നിവ നടപ്പിലാക്കുന്നതിനുള്ള ഇടപെടലുകൾ